# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 68 Issue No. 03 March 2025 Rs. 15/-







മാർച്ച് 19-ാം തീയതി

നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

**ആർച്ചുബിഷപ് ജോസഫ് പാംപ്ലാനി പിതാവിന്**

എറണാകുളം - അങ്കമാലി അതിരൂപതയുടെ

**പ്രാർത്ഥനാശംസകൾ!!!**

# എറണാകുളം മിസ്സം
**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 68 Issue No. 3 March 2025 Rs. 15/-






4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. നോമ്പുകാലസന്ദേശം
10. ലോക രോഗീദിനസന്ദേശം
15. സർക്കുലർ: 2/2025
21. കെ.സി.ബി.സി - മദ്യ- ലഹരി വിരുദ്ധ ഞായർ
27. കച്ചേരിക്കാര്യം
  - അമ്പതു നോമ്പാചരണം
  - വിവാഹാശീർവാദം
  - Transfers/Appointments
29. നിര്യാതരായി
33. വാർത്തകളും വിശേഷങ്ങളും
35. Dept. of Archdiocesan Public Relations
36. AICO
37. Metropolitan Tribunal
38. വിശ്വാസപരിശീലന കേന്ദ്രം
40. ഫാമിലി അപ്പോസ്റ്റലേറ്റ്
41. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
44. നൈപുണ്യ ഇന്റർനാഷണൽ
46. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Mampilly Joseph, N. Parur | 1886 | 1915 | 1-3-1935 |
| Fr. Thelakkat Xavier, East Cheranalloor | 1966 | 1993 | 1-3-2018 |
| Fr. Karedan Thomas, Muringoor | 1913 | 1937 | 6-3-1985 |
| Fr. Puduchery Thomas, Edad | 1926 | 1955 | 7-3-2008 |
| Fr. Kadavil Valiya Mathew, Pallipuram | 1884 | 1913 | 8-3-1964 |
| Fr. Elamkunnapuzha Paul, N. Parur | 1879 | 1905 | 8-3-1969 |
| Fr. Puthenkary John, Uzhuva | 1903 | 1933 | 9-3-1971 |
| Fr. Parayil Joseph, Vechoor | 1902 | 1929 | 10-3-1966 |
| Fr. Maniamkot Varghese, Chethikode | 1872 | 1897 | 12-3-1950 |
| Fr. Kavalakkatt Joseph, Kadukutty | 1869 | 1920 | 12-3-1955 |
| Fr. Kavalakkatt Antony, Annanad | 1940 | 1968 | 13-3-2017 |
| Fr. Thottappilly Joseph, Kaippattoor | 1931 | 1960 | 15-3-2012 |
| Fr. Pazhemadom Varghese, Vallakom | 1926 | 1954 | 16-3-2005 |
| Fr. Kottakal Joseph, Kavaraparambu | 1935 | 1961 | 16-3-2021 |
| Fr. Edangarpilly Jacob, Kumbalam | 1882 | 1911 | 22-3-1952 |
| Fr. Pulikalan Joseph, Cheranalloor | 1864 | 1889 | 23-3-1942 |
| Fr. Thazhathu John, Kothavara | 1891 | 1919 | 23-3-1983 |
| Mar Antony Cardinal Padiyara, Manimala | 1921 | 1945 | 23-3-2000 |
| Fr. Thenayan Thomas, Kanjoor | 1930 | 1959 | 24-3-2015 |
| Fr. Mampilly Kuriakose, Narakkal | 1951 | 1976 | 24-3-2017 |
| Fr. Parappuram Joseph, Amballoor | 1953 | 1978 | 27-3-2022 |
| Fr. Pollechira John, Cherthala | 1951 | 1977 | 28-3-2024 |
| Fr. Maniamkot John, Chethikode | 1880 | 1912 | 29-3-1945 |
| Fr. Vadapuram Joseph, Chalil | 1932 | 1962 | 29-3-1997 |
| Fr. Chiramel George, Manjapra | 1916 | 1947 | 30-3-2010 |
| Fr. Malamel Gheevarghese, South Parur | 1854 | | 31-3-1906 |
| Fr. Koikara Joseph, Puthenpally | 1889 | 1915 | 31-3-1950 |



# നോമ്പുകാല സന്ദേശം

## ഫ്രാൻസിസ് മാർപാപ്പ

### 'പ്രത്യാശയിൽ നമുക്കൊരുമിച്ചു യാത്രചെയ്യാം'

പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ വാർഷിക തപസ്സുകാലതീർത്ഥാടനം അനുതാപസൂചകമായ ക്ഷാരംപൂശൽ കർമത്തോടെ വിശ്വാസത്തിലും പ്രത്യാശയിലും നാം ആരംഭിക്കുന്നു. പാപത്തിന്റെയും മരണത്തിന്റെയുംമേലുള്ള കർത്താവായ ക്രിസ്തുവിന്റെ പെസഹാവിജയം നാം അത്യധികം സന്തോഷത്തോടെ ആഘോഷിക്കേണ്ടതിനായി നമ്മുടെ മാതാവും ഗുരുനാഥയുമായ സഭ നമ്മുടെ ഹൃദയങ്ങൾ ദൈവത്തിന്റെ കൃപയിലേക്ക് തുറന്നുവയ്ക്കാൻ നമ്മെ ക്ഷണിക്കുന്നു. ഈ വിജയത്തെക്കുറിച്ച് വിശുദ്ധ പൗലോസ് ഇപ്രകാരം ഉദ്ഘോഷിച്ചു: മരണത്തെ വിജയം ഗ്രസിച്ചുകളഞ്ഞു. മരണമേ, നിന്റെ വിജയം എവിടെ? മരണമേ, നിന്റെ ദംശനം എവിടെ? (1 കോറി 15:54-55). യഥാർഥത്തിൽ, ക്രൂശിതനും ഉത്ഥിതനുമായ യേശുക്രിസ്തുവാണ് നമ്മുടെ വിശ്വാസത്തിന്റെ ഹൃദയം; അവിടന്നാണ് പിതാവിന്റെ വലിയ വാഗ്ദാനത്തിലുള്ള നമ്മുടെ പ്രത്യാശയുടെ അച്ചാരം. ഈ വാഗ്ദാനം പ്രിയപുത്രനിൽ നിറവേറിക്കഴിഞ്ഞു; അതായത്, നിത്യജീവൻ (യോഹ 10:28; 17:3 കാണുക) [1].

ജൂബിലി വർഷത്തിന്റെ കൃപയിൽ പങ്കുചേരുന്ന ഈ തപസ്സുകാലത്ത് പ്രത്യാശയിൽ ഒരുമിച്ചു **യാത്രചെയ്യു**ക എന്നതിന്റെ അർഥത്തെക്കുറിച്ചും ദൈവം തന്റെ കാരുണ്യത്താൽ വ്യക്തിയും സമൂഹവും എന്ന നിലയിൽ എല്ലാവർക്കും നൽകുന്ന മാനസാന്തരത്തിലേക്കുള്ള ആഹ്വാനത്തെക്കുറിച്ചും ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**ഒന്നാമതായി, *യാത്രചെയ്യുക* എന്നതാണ്**: ജൂബിലിയുടെ ആപ്തവാക്യമായ പ്രത്യാശയുടെ തീർഥാടകർ പുറപ്പാടിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ഇസ്രായേൽ ജനത്തിന്റെ വാഗ്ദത്തഭൂമിയിലേക്കുള്ള ദീർഘമായ യാത്രയുടെ ഓർമകൾ ഉണർത്തുന്നു. അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള ദുഷ്കരമായ ആ പാത തന്റെ ജനത്തെ സ്നേഹിക്കുകയും എപ്പോഴും അവരോടു വിശ്വസ്തനായിരിക്കുകയും ചെയ്ത കർത്താവ് ഇച്ഛിച്ചതും നയിച്ചതും ആയിരുന്നു. ബൈബിളിലെ പുറപ്പാടിനെക്കുറിച്ച് ചിന്തിക്കുമ്പോൾ, നമ്മുടെ കാലത്ത് ദുരിതത്തിന്റെയും അക്രമത്തിന്റെയും സാഹചര്യങ്ങളിൽനിന്നു തങ്ങൾക്കും പ്രിയപ്പെട്ടവർക്കും മെച്ചപ്പെട്ട ജീവിതം തേടി പാലായനം ചെയ്യുന്ന നമ്മുടെ സഹോദരീ സഹോദരന്മാരെക്കുറിച്ചും ചിന്തിക്കാതിരിക്കാനാവില്ല.

ഇവിടെയാണ് മാനസാന്തരത്തിനായുള്ള ആദ്യക്ഷണം ഉയരുന്നത്. കാരണം, നാമെല്ലാവരും ഈ ജീവിതത്തിൽ തീർഥാടകരാണ്. അതിനാൽ നാം ഓരോരുത്തരും ഒരുനിമിഷം ഈ വസ്തുത നമ്മുടെ ജീവിതങ്ങളിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്നു ചിന്തിക്കേണ്ടതാണ്. ഞാൻ യഥാർഥത്തിൽ ഒരു യാത്രയിലാണോ, അതോ ഞാൻ മുന്നോട്ടു നീങ്ങാതെ നില ഉറപ്പിച്ചിരിക്കുകയാണോ? ഭയവും നിരാശയുംമൂലം ഞാൻ നിശ്ചലനാണോ? അല്ലെങ്കിൽ, എന്റെ സുരക്ഷിതവലയത്തിൽനിന്ന് പുറത്തുകടക്കാൻ ഞാൻ വിസമ്മതിക്കുന്നോ? പാപത്തിന്റെ അവസരങ്ങളും എന്റെ മാഹാത്മ്യത്തെ ഇടിച്ചുതാഴ്ത്തുന്ന സാഹചര്യങ്ങളും ഉപേക്ഷിക്കാൻ ഞാൻ തയ്യാറാണോ? നമ്മുടെ ദൈനംദിന ജീവിതം ഒരു കുടിയേറ്റക്കാരന്റെയോ വിദേശിയുടെയോ ജീവിതവുമായി താരതമ്യപ്പെടുത്തി നോക്കുന്നത് ഒരു തപസ്സുകാല അനുഷ്ഠാനമാകാവുന്നതാണ്; അത് അവരുടെ അനുഭവങ്ങളോട് എങ്ങനെ സഹതപിക്കാൻ സാധിക്കും എന്നു മനസ്സിലാക്കുന്നതിനും അതുവഴിയായി ദൈവം എന്താണ് നമ്മോട് ആവശ്യപ്പെടുന്നത് എന്നറിയുന്നതും അങ്ങനെ പിതാവിന്റെ ഭവനത്തിലേക്കുള്ള യാത്രയിൽ എങ്ങനെ

കൂടുതൽ നന്നായി നമുക്ക് മുന്നേറാൻ സാധിക്കും എന്നു മനസ്സിലാക്കുന്നതിനും സഹായകമാകും. വഴിയാത്രക്കാരായ നമുക്ക് ഓരോരുത്തർക്കും ഇതൊരു നല്ല ആത്മപരിശോധന ആയിരിക്കും.

**രണ്ടാമതായി, *ഒരുമിച്ചു* യാത്രചെയ്യുക:** സിനഡാത്മകമായി ഒരുമിച്ചു യാത്ര ചെയ്യാനാണു സഭ വിളിക്കപ്പെട്ടിരിക്കുന്നത് [2]. ക്രിസ്ത്യാനികൾ ഒരിക്കലും ഒറ്റയ്ക്കു സഞ്ചരിക്കുവാനല്ല അപരന്റെ പാർശ്വം ചേർന്നുനടക്കാൻ വിളിക്കപ്പെട്ടവരാണ്. നമ്മുടെ സ്വത്വത്തിലേക്കു ഉൾവലിയാനല്ല, മറിച്ച് നമ്മുടെ സ്വത്വത്തെ പുറകിൽ നിറുത്തി ദൈവത്തിന്റെയും സഹോദരീസഹോദരന്മാരുടെയും സമീപത്തേക്ക് നടന്നുനീങ്ങാനാണ് പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുന്നത് [3]. ഒരുമിച്ചു യാത്ര ചെയ്യുക എന്നതിന്റെ അർഥം ദൈവപുത്രരെന്ന നമ്മുടെ പൊതുമഹാത്മ്യത്തിന്റെ അടിസ്ഥാനത്തിൽ (ഗലാ 3:26–28 കാണുക) നമ്മുടെ ഐക്യം ബലപ്പെടുത്തുക എന്നതത്രേ; അതായത്, പറ്റംചേർന്ന് നടക്കുക. മറ്റുള്ളവരെ തള്ളിവീഴ്ത്താതെയും ചവിട്ടിമെതിക്കാതെയും അസൂയയും കാപട്യവും കൂടാതെയും ആരെയും പുറകിലാക്കുകയോ ഒഴിവാക്കുകയോ ചെയ്യാതെയും പറ്റംചേർന്നുനടക്കുക എന്നതാണിതിനർഥം. നമുക്കെല്ലാവർക്കും ഒരേ ലക്ഷ്യത്തോടെ, സ്നേഹത്തിലും ക്ഷമയിലും, പരസ്പരം ശ്രവിക്കുന്നവരായി ഒരേ ദിശയിലേക്കു നടക്കാം.

നമ്മുടെ ജീവിതസാഹചര്യങ്ങളായ കുടുംബങ്ങളിലും, നാം സമയം ചെലവഴിക്കുന്ന നമ്മുടെ പ്രവർത്തന സ്ഥലങ്ങളിലും മറ്റുള്ളവരുമായി ഒരുമിച്ചു നടക്കാനും അവരെ ശ്രവിക്കാനും നാം തയ്യാറാണോ എന്നും, അല്ലെങ്കിൽ നാം നമ്മിലേക്കുതന്നെ ഉൾവലിഞ്ഞുകൊണ്ട് നമ്മുടെ ആവശ്യങ്ങളെക്കുറിച്ചുമാത്രം ചിന്തിക്കുന്ന രീതിയാണോ നമ്മുടേതെന്നും സ്വയം പരിശോധിച്ചറിയാൻ ദൈവം നമ്മോട് ഈ നോമ്പുകാലത്ത് ആവശ്യപ്പെടുന്നു. മെത്രാന്മാർ, പുരോഹിതർ, സന്യസ്തർ, അല്മായ വിശ്വാസികൾ എന്നീ നിലകളിൽ ദൈവരാജ്യത്തിന്റെ ശുശ്രൂഷയിൽ മറ്റുള്ളവരുമായി സഹകരിക്കാൻ നാം തയ്യാറാണോ എന്നു കർത്തൃസന്നിധിയിൽ ഇരുന്ന് നമ്മോടുതന്നെ നാം ചോദിക്കണം. കൃത്യമായ പ്രവർത്തനങ്ങളിലൂടെ, വിദൂരസ്ഥരും സമീപസ്ഥരും ആയവരെ സ്വാഗതം ചെയ്യുന്നവിധത്തിൽ നാം പെരുമാറുന്നുണ്ടോ എന്നു ചോദിക്കണം. മറ്റുള്ളവർ നമ്മുടെ സമൂഹത്തിന്റെ ഭാഗമായിരിക്കുന്നു എന്ന് അവർക്ക് അനുഭവപ്പെടുന്നവിധം അവരെ പരിഗണിക്കാൻ നാം തയ്യാറാണോ, അതോ നാം അവരെ അകറ്റി നിറുത്തുന്നുവോ? [4].

അപ്പോൾ ഇത്, മനസാന്തരത്തിനായുള്ള രണ്ടാമത്തെ ക്ഷണം ആണ്; അതായത്, സിനഡാത്മകതയ്ക്കായുള്ള ക്ഷണം.

**മൂന്നാമതായി, നമുക്ക് *പ്രത്യാശയിൽ* ഒരുമിച്ചു യാത്രചെയ്യാം:** എന്തെന്നാൽ, നമുക്ക് ഒരു വാഗ്ദാനം നൽകപ്പെട്ടിരിക്കുന്നു. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല (റോമാ 5:5) എന്ന ജൂബിലിയുടെ കേന്ദ്ര സന്ദേശം [5] ആയിരിക്കട്ടെ ഉയിർപ്പ് തിരുനാളിന്റെ വിജയത്തിലേക്കു നയിക്കുന്ന നമ്മുടെ തപസ്സുകാല യാത്രയുടെ കേന്ദ്രബിന്ദു. *പ്രത്യാശയിൽ രക്ഷ* (*Spe Salvi*) എന്ന ചാക്രികലേഖനത്തിൽ ബെഡിക്ട് പതിനാറാമൻ പാപ്പാ നമ്മെ പഠിപ്പിച്ചതുപോലെ, "മനുഷ്യന് വ്യവസ്ഥകൾ ഇല്ലാത്ത സ്നേഹം ആവശ്യമാണ്. അവന് ഇപ്രകാരം പറയാൻ സാധിക്കുന്ന ഉറപ്പ് ആവശ്യമുണ്ട്: 'മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്താൻ കഴിയില്ല' (റോമാ 8:38-39)"[6]. എന്റെ പ്രത്യാശയായ ക്രിസ്തു ഉയർത്തെഴുന്നേറ്റിരിക്കുന്നു! [7]. അവൻ ജീവിക്കുകയും മഹത്ത്വത്തിൽ വാണരുളുകയും ചെയ്യുന്നു. മരണത്തെ വിജയത്തിലേക്ക് പരിവർത്തനപ്പെടുത്തിയിരിക്കുന്നു. ക്രിസ്ത്യാനികളുടെ വിശ്വാസവും വലിയ പ്രത്യാശയും ഇതിൽ അധിഷ്ഠിതമാണ്: ക്രിസ്തുവിന്റെ ഉയിർപ്പ്!

**അതിനാൽ ഇതാണ് മാനസാന്തരത്തിലേക്കുള്ള മൂന്നാമത്തെ ക്ഷണം:** പ്രത്യാശയിലേക്കുള്ള ക്ഷണം, ദൈവത്തിലും നിത്യജീവനെക്കുറിച്ചുള്ള അവിടത്തെ വാഗ്ദാനത്തിലും ആശ്രയം അർപ്പിക്കുക എന്നത്. ആകയാൽ, നമുക്ക് സ്വയം ചോദിക്കാം: കർത്താവ് എന്റെ പാപങ്ങൾ ക്ഷമിക്കുന്നു എന്ന ബോധ്യം എനിക്കുണ്ടോ? എന്റെ രക്ഷയ്ക്കു ഞാൻ മാത്രം മതി എന്ന ചിന്തയിലാണോ ഞാൻ പെരുമാറുന്നത്? രക്ഷയ്ക്കായി ഞാൻ കാംക്ഷിക്കുകയും അതു പ്രാപിക്കുന്നതിനുവേണ്ടി ദൈവസഹായം അഭ്യർഥിക്കുകയും ചെയ്യുന്നുണ്ടോ? ചരിത്രത്തിലെ സംഭവങ്ങൾ വ്യാഖ്യാനിക്കാനും അങ്ങനെ നീതിക്കും സാഹോദര്യത്തിനും വേണ്ടി പ്രതിജ്ഞാബദ്ധമാവുന്നതിനും നമ്മുടെ പൊതുഭവനമായ ഭൂമിയെകുറിച്ചു കരുതൽ ഉണ്ടാകുന്നതിനും അങ്ങനെ ആർക്കും താൻ ഒഴിവാക്കപ്പെടുന്നു എന്ന തോന്നൽ ഉണ്ടാകാതിരിക്കാനുമുള്ളതരത്തിൽ ഞാൻ വ്യക്തമായി ആ പ്രത്യാശ അനുഭവിക്കുന്നുണ്ടോ?

പ്രിയ സഹോദരീസഹോദരന്മാരേ, യേശുക്രിസ്തുവഴി നമുക്ക് ലഭിച്ച ദൈവസ്നേഹത്താൽ, നമ്മെ നിരാശപ്പെടുത്താത്ത പ്രത്യാശയാൽ (റോമാ 5:5 കാണുക), നാം നിലനിറുത്തപ്പെടുന്നു. ആത്മാവിന്റെ ഉറച്ചതും ദൃഢവുമായ നങ്കൂരമാണ് [8] പ്രത്യാശ. എല്ലാവരും രക്ഷിക്കപ്പെടുന്നതിനായി (1 തിമോ 2:4) പ്രാർഥിക്കാനും തന്റെ വരനായ ക്രിസ്തുവുമായി സ്വർഗീയ മഹിമയിൽ സംയോജിക്കപ്പെടുന്നതിലേക്കു ഉറ്റുനോക്കാനും അത് സഭയെ പ്രേരിപ്പിക്കുന്നു. ആവിലായിലെ വിശുദ്ധ ത്രേസ്യയുടെ പ്രാർഥന ഇതായിരുന്നു: പ്രത്യാശിക്കുക, എന്റെ ആത്മാവേ, പ്രത്യാശിക്കുക. നിനക്ക് ആ ദിവസമോ മണിക്കൂറോ അറിയില്ല. ശ്രദ്ധാപൂർവ്വം വ്യാപരിക്കുക; എന്തെന്നാൽ, നിങ്ങളുടെ ക്ഷമയില്ലായ്മ ഉറപ്പുള്ളതിനെ സംശയിക്കുകയും വളരെ കുറഞ്ഞ സമയത്തെ ദീർഘമായി കരുതുകയും ചെയ്യുമ്പോൾ, എല്ലാം പെട്ടെന്നു കടന്നുപോകും (*ആത്മാവിന്റെ ദൈവത്തോടുള്ള പ്രഘോഷണങ്ങൾ* [*The Exclamations of the Soul to God*], 15:3) [9].

പ്രത്യാശയുടെ മാതാവായ പരിശുദ്ധ കന്യകമറിയം നമുക്കുവേണ്ടി പ്രാർഥിക്കുകയും നമ്മുടെ തപസ്സുകാലയാത്രയിൽ നമ്മെ അനുഗമനം ചെയ്യുകയും ചെയ്യുമാറാകട്ടെ.

രക്തസാക്ഷികളായ വിശുദ്ധ പോൾ മിക്കിയുടെയും സഹചരന്മാരുടെയും സ്മരണാദിനമായ ഫെബ്രുവരി 6, 2025-ൽ റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

---

[1] Cf. Encyclical Letter *Dilexit Nos* (24 October 2024), 220 .

[2] Cf. Homily for the Mass and Canonization of Giovanni Battista Scalabrini and Artemide Zatti, 9 October 2022.

[3] Ibid.

[4] Ibid.

[5] Cf. Bull *Spes Non Confundit* , 1.

[6] Encyclical Letter *Spe Salvi* (30 November 2007), 26.

[7] Cf. Easter Sequence.

[8] Cf. *Catechism of the Catholic Church* , 1820.

[9] Ibid, 1821.

# 33-ാമത് ലോക രോഗീദിനസന്ദേശം

**(ഫെബ്രുവരി 11, 2025)**

### “പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല” (റോമാ 5:5), മറിച്ച് പരീക്ഷണകാലത്ത് അത് നമ്മെ ബലപ്പെടുത്തുന്നു.

പ്രിയ സഹോദരീസഹോദരന്മാരേ,

ഈ ജൂബിലി വർഷം 2025-ൽ നാം 33-ാമത് ലോക രോഗീദിനം ആചരിക്കുന്നു. ജൂബിലി വർഷത്തിൽ “പ്രത്യാശയുടെ തീർത്ഥാടകർ” ആകാൻ സഭ നമ്മെ ക്ഷണിക്കുന്ന വേളയിലാണ് ഈ ദിനം നാം ആചരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ ദൈവവചനം നമ്മെ അനുഗമനം ചെയ്യുകയും വിശുദ്ധ പൗലോസിന്റെ വാക്കുകളിൽ നമുക്കു പ്രോത്സാഹജനകമായ ഒരു സന്ദേശം നൽകുകയും ചെയ്യുന്നു: “പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല” (റോമാ 5:5); യഥാർത്ഥത്തിൽ, അത് പരീക്ഷണകാലത്ത് നമ്മെ ബലപ്പെടുത്തുന്നു.

ഈ വാക്കുകൾ ആശ്വാസദായകമാണ്; അതേസമയം അവ പരിഭ്രമജനകവും ആകാം, ഏറെ പ്രത്യേകിച്ച്, സഹനത്തിൽ ആയിരിക്കുന്നവർക്ക്. ഉദാഹരണത്തിന്, ശരീരത്തെ ദുർബലപ്പെടുത്തുന്ന രോഗങ്ങൾക്ക് വിധേയമായിരിക്കുമ്പോൾ നമുക്ക് എങ്ങനെയാണ് ബലമുള്ളവർ ആയിരിക്കാൻ സാധിക്കുന്നത്? വിശേഷിച്ച്, അതിന്റെ ചികിത്സയ്ക്കായുള്ള ചിലവ് ഭാരിച്ചതായിരിക്കുമ്പോൾ! മാത്രമല്ല, നമ്മുടെ സഹനത്തോടൊപ്പം തന്നെ, നമ്മെ പിന്താങ്ങുന്നവർക്കും സ്നേഹിക്കുന്നവർക്കും നമ്മെ സഹായിക്കാൻ കഴിയാതെ വരുന്നതു കാണുമ്പോൾ നമുക്ക് എങ്ങനെ ശക്തരായിരിക്കാൻ സാധിക്കും? ഇതുപോലുള്ള സാഹചര്യങ്ങളിൽ, നമുക്കുള്ളതിലും അധികമായി ശക്തി നമുക്ക് ആവശ്യമായി വരുന്നു. നമുക്ക് ദൈവത്തിന്റെ സഹായം ആവശ്യമാണെന്ന് നാം മനസ്സിലാക്കുന്നു; അവിടത്തെ ആത്മാവിന്റെ ദാനമായ കൃപയും പരിപാലനയും ബലവും നമുക്ക് ആവശ്യമാണ് (*കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം*, 1808 കാണുക).

സഹനത്തിൽ ആയിരിക്കുന്നവർക്ക് ദൈവം എപ്രകാരം സമീപസ്ഥൻ ആണെന്നു നമുക്ക് ഒരു വിചിന്തനം ചെയ്യാം, അതും മൂന്നു വിധത്തിൽ: കണ്ടുമുട്ടലിൽ, വരദാനമായി, പങ്കുവയ്ക്കലിൽ.

1. കണ്ടുമുട്ടൽ: യേശു തന്റെ 72 ശിഷ്യരെ ദൗത്യവുമായി പറഞ്ഞയ ച്ചപ്പോൾ (ലൂക്കാ 10:1–9 കാണുക), രോഗികളോടു "ദൈവരാജ്യം നിങ്ങളുടെ അടുക്കലേക്ക് എത്തിയിരിക്കുന്നു" (10:9) എന്നു പറയാൻ ആവശ്യപ്പെട്ടു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, തങ്ങളുടെ രോഗം, വേദനാപൂരിതവും അഗ്രാഹ്യവുമാണെങ്കിൽ പ്പോലും കർത്താവിനെ കണ്ടുമുട്ടാനുള്ള ഒരവസരം ആണെന്നു കാണാൻ രോഗികളെ സഹാ യിക്കാൻ അവിടന്ന് അവരോടു നിർദേശിക്കുകയായിരുന്നു. രോഗങ്ങളുടെ നേരത്ത് നാം ശാരീരികവും മാനസികവും ആത്മീയവുമായ തലങ്ങളിൽ നമ്മുടെ മാനുഷിക ബലഹീനത തിരിച്ചറിയുന്നു. അതേസമയംതന്നെ, ദൈവത്തിന്റെ സാമീപ്യവും അനുകമ്പയും നാം അനുഭവിക്കുകയും ചെയ്യുന്നു; എന്തെന്നാൽ, യേശുവിലൂടെ ദൈവം നമ്മുടെ മാനുഷിക സഹനത്തിൽ പങ്കുചേരുകയുണ്ടായി. ദൈവം നമ്മെ ഉപേക്ഷിക്കാറില്ല; പലപ്പോഴും ഒരിക്കലും പ്രതീക്ഷിക്കാത്തതും സ്വന്തമായി നാം കണ്ടെത്താൻ സാധ്യതയില്ലാതിരുന്നതുമായ ശക്തി നമുക്കു പകർന്നുതന്നുകൊണ്ട് ദൈവം നമ്മെ ആശ്ചര്യപ്പെടുത്താറുണ്ട്.

അതിനാൽ, രോഗം രൂപാന്തരപ്പെടുത്തുന്ന കണ്ടുമുട്ടലിന്റെ അവസരമായി ഭവിക്കുന്നു; അതായത്, ജീവിതത്തിന്റെ കൊടുങ്കാറ്റുകളുടെ മധ്യേ നമുക്ക് അഭയംപ്രാപിക്കാവുന്ന ബലമുള്ള ശില; വലിയ വില കൊടുത്താ ണെങ്കിലും നമ്മെ കൂടുതൽ ശക്തരാക്കുന്ന ഒരനുഭവം; കാരണം, നാം ഒറ്റയ്ക്കല്ല എന്ന് അത് നമ്മെ പഠിപ്പിക്കുന്നു. സഹനം എപ്പോഴും ദുർഗ്രാഹ്യമാംവിധം രക്ഷയുടെ ഒരു വാഗ്ദാനം അതിൽതന്നെ പകർന്നുതരുന്നു; എന്തെന്നാൽ, ദൈവത്തിന്റെ സാമിപ്യവും അവിടത്തെ ആശ്വാസദായകമായ സാന്നിധ്യവും അത് നമുക്ക് അനുഭവവേദ്യ മാക്കുന്നു. അങ്ങനെ, "സുവിശേഷത്തിന്റെ പൂർണത, അതിന്റെ വാഗ്ദാനത്തിനും ജീവനുമോടൊപ്പം" മനസ്സിലാക്കാൻ നമുക്ക് കഴിയുന്നു (വിശുദ്ധ ജോൺ പോൾ രണ്ടാമൻ, യുവജന ങ്ങളോടുള്ള പ്രഭാഷണം, New Orleans, 12 September 1987).

2. സഹനത്തിൽ ആയിരിക്കുന്നവർക്ക് ദൈവം എങ്ങനെയാണ് സമീപസ്ഥനായിരിക്കുന്നത് എന്ന രണ്ടാമത്തെ ചിന്തയിലേക്ക് ഇത് നമ്മെ നയിക്കുന്നു: വരദാനമായി. മറ്റെന്തിനേക്കാളുമുപരിയായി, കർത്താവിൽ നിന്നാണ് പ്രത്യാശ വരുന്നതെന്ന് സഹനം നമ്മെ ബോധ്യപ്പെടുത്തുന്നു. അതിനാൽ, പ്രഥമവും പ്രധാനവുമായി സഹനം സ്വീകരിക്കപ്പെടേണ്ടതും ഉൾക്കൊള്ളേണ്ടതുമായ ഒരു വരദാനമാണ്;

മദ്‌ലേൻ ഡെൽബ്രേൽ സൂചിപ്പിക്കുന്നതനുസരിച്ച്, അപ്രകാരം ചെയ്യുന്നത്, "ദൈവത്തിന്റെ വിശ്വസ്തതയോടു വിശ്വസ്തമായിരിക്കുന്നതുവഴിയാണ്" (cf. *La speranza è una luce nella notte*, [രാത്രിയിലെ ഒരു വിളക്കാണ് പ്രത്യാശ] Vatican City 2024, Preface).

യഥാർത്ഥത്തിൽ, ക്രിസ്തുവിന്റെ ഉയർപ്പിൽ മാത്രമാണ് നമ്മുടെതന്നെ ജീവിതവും ഭാഗധേയവും നിത്യതയുടെ അനന്തചക്രവാളത്തിൽ അതിന്റെ സ്ഥാനം കണ്ടെത്തുന്നത്. "മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളവയയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ ക്രിസ്തു യേശുവിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്താൻ കഴിയില്ല" (റോമാ 8:38-39) എന്ന ഉറപ്പ് നമുക്ക് ലഭ്യമാകുന്നത് യേശുവിന്റെ പെസഹാരഹസ്യത്തിൽ മാത്രമാണ്. ഈ "വലിയ പ്രത്യാശ" ആണ് ജീവിതത്തിന്റെ പരീക്ഷണങ്ങളിലും പ്രതിസന്ധികളിലും വഴി കണ്ടെത്തി മുന്നോട്ടുപോകാൻ നമ്മെ സഹായിക്കുന്ന എല്ലാ ചെറിയ മങ്ങിയ വെളിച്ചങ്ങളുടെയും ഉറവിടമായിരിക്കുന്നത് (ബെനഡിക്ട് XVI, പ്രത്യാശയിൽ രക്ഷ, 27, 31 കാണുക). എമ്മാവൂസിലേക്കുള്ള വഴിയിൽ ശിഷ്യരോടൊപ്പം എന്നപോലെ, ഉത്ഥിതനായ കർത്താവ് നമ്മുടെ ചാരെ സഹയാത്രികനായി നമ്മെ അനുഗമനം ചെയ്യുന്നു (ലൂക്കാ 24:13-53 കാണുക). അവരെപ്പോലെ നമുക്കും നമ്മുടെ ഉത്കണ്ഠകളും താല്പര്യങ്ങളും ആശാഭംഗങ്ങളും അവനോടു പങ്കുവയ്ക്കുകയും നമ്മെ പ്രകാശിപ്പിക്കുകയും നമ്മുടെ ഹൃദയത്തെ ഉന്മേഷഭരിതമാക്കുകയും ചെയ്യുന്ന അവന്റെ വചനം ശ്രവിക്കുകയും ചെയ്യാം. അവരെപ്പോലെ തന്നെ അപ്പം മുറിക്കലിൽ അവന്റെ സാന്നിധ്യം നമുക്ക് തിരിച്ചറിയാം; അങ്ങനെ ഇപ്പോഴും നമ്മുടെ സമീപത്തേക്കു വരുകയും നമ്മുടെ ധൈര്യവും ആത്മവിശ്വാസവും വീണ്ടെടുത്തുനൽകുകയും ചെയ്യുന്ന ആ "വലിയ യാഥാർഥ്യം" നമുക്കു തിരിച്ചറിയുകയും ചെയ്യാം.

3. ദൈവം നമുക്ക് സമീപസ്ഥം ആയിരിക്കുന്ന മൂന്നാമത്തെ വഴിയിലേക്ക് നമുക്ക് തിരിയാം: പങ്കുവയ്ക്കൽ വഴിയായി. സഹനത്തിന്റെ വേദികൾ പലപ്പോഴും പങ്കുവയ്ക്കലിന്റെയും പരസ്പരം സമ്പന്നമാക്കുന്നതിന്റെയും വേദികളാണ്. രോഗികളുടെ കിടക്കകൾക്കരികിൽ എത്രയോ പ്രാവശ്യമാണ് നാം പ്രത്യാശിക്കാൻ പഠിച്ചിട്ടുള്ളത്? സഹനത്തിൽ ആയിരിക്കുന്നവരുടെ സമീപത്തായിരുന്നുകൊണ്ട് എത്രയോ പ്രാവശ്യ

മാണ് നാം വിശ്വസിക്കാൻ പഠിച്ചിട്ടുള്ളത്? എത്രയോ പ്രാവശ്യമാണ് ആവശ്യങ്ങളിൽ ഇരിക്കുന്നവരെ ശുശ്രൂഷിച്ചുകൊണ്ട് നാം സ്നേഹം കണ്ടെത്തിയിട്ടുള്ളത്? നാം പ്രത്യാശയുടെ "മാലാഖമാരും" പരസ്പരം ദൈവത്തിന്റെ സന്ദേശവാഹകരും ആണെന്നു നമുക്ക് ബോധ്യപ്പെടുന്നു; നമ്മളെല്ലാവരും ഒരുമിച്ചാണ് അപ്രകാരം ആയിരിക്കുന്നത്: രോഗികളോ വൈദ്യന്മാരോ നേഴ്സുമാരോ കുടുംബാംഗങ്ങളോ സുഹൃത്തുക്കളോ വൈദികരോ സന്യാസീസന്യാസിനികളോ ഒക്കെയായി; നാം എവിടെയായാലും - കുടുംബത്തിലോ, ആശുപത്രികളിലോ ആതുരാലയങ്ങളിലോ വൈദ്യശാലകളിലോ ചികിത്സാകേന്ദ്രങ്ങളിലോ ഒക്കെയായാലും, അപ്രകാരമാകാം.

കൃപനിറഞ്ഞ പ്രസ്തുത കണ്ടുമുട്ടലുകളുടെ സൗന്ദര്യവും പ്രാധാന്യവും എങ്ങനെ വിലമതിക്കാൻ ആകുമെന്നു നാം പഠിക്കേണ്ടിയിരിക്കുന്നു. ഒരു നേഴ്സിന്റെ ആർദ്രമായ പുഞ്ചിരിയും, ഒരു രോഗിയുടെ കൃതജ്ഞതയും പ്രതീക്ഷയും, ഒരു ഭിഷഗ്വരന്റെയോ സന്നദ്ധസേവകന്റെയോ ശ്രദ്ധയാർന്ന മുഖവും, ഒരു ദമ്പതിയുടെയോ ഒരു കുട്ടിയുടെയോ പേരക്കുട്ടിയുടെയോ പ്രിയപ്പെട്ട സ്നേഹിതന്റെയോ ഉത്ക്കണ്ഠാജനകവും അതേസമയം പ്രത്യാശാജനകവുമായ നോട്ടവും ഒക്കെ വിലപ്പെട്ടതായി കരുതാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. ഇവയെല്ലാംതന്നെ സൂക്ഷിക്കപ്പെടേണ്ട പ്രകാശകിരണങ്ങളാണ്; വിപത്തിന്റെ ഇരുണ്ട രാത്രിയിൽപ്പോലും അവർ നമുക്ക് ശക്തി പകരുന്നു; അതോടൊപ്പംതന്നെ ജീവിതത്തിന്റെയും സ്നേഹത്തിന്റെയും സാമിപ്യത്തിന്റെയും ആഴമാർന്ന അർഥം നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു (ലൂക്കാ 10:25–37 കാണുക). രോഗികളായവരോ സഹനത്തിലായിരിക്കുന്നവരെ പരിചരിക്കുന്നവരോ ആയ സഹോദരീസഹോദരന്മാർ ഈ ജൂബിലി വർഷത്തിൽ വളരെ പ്രധാനപ്പെട്ട ഒരു പ്രവൃത്തി നിർവഹിക്കുന്നവരാണ്. പ്രിയപ്പെട്ടവരേ, നിങ്ങളുടെ ഒരുമിച്ചുള്ള യാത്ര എല്ലാവർക്കും ഒരു അടയാളമാണ്: "മനുഷ്യമഹാത്മ്യത്തിന് ഒരു ഗീതം, പ്രത്യാശയുടെ ഒരു പാട്ട്" (*പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല*, 11). അതിന്റെ രാഗങ്ങൾ ആരോഗ്യപരിപാലന കേന്ദ്രങ്ങളുടെ മുറികളുടെയും കിടക്കുകളുടെയും അപ്പുറത്ത് പോകുന്നതാണ്; അവ ഉപവിയിൽ "ഒരു സമൂഹത്തിന്റെ മുഴുവൻ സംഘഗാനപരമായ പങ്കാളിത്തം" (*പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല*, 11) പുറത്തെടുക്കാൻ സഹായകമാകും; അപ്രകാരമുള്ള ഒരു സ്വരച്ചേർച്ചയിൽ എത്തിച്ചേരുന്നത് പലപ്പോഴും ബുദ്ധിമുട്ടുള്ള കാര്യമാണ്; ഇക്കാര

ണത്താൽതന്നെ അത് ഏറെ ആശ്വാസദായകവും ശക്തവും ആണ്; ഏറ്റവും ആവശ്യമുള്ളിടത്തെല്ലാം പ്രകാശവും ഊഷ്മളതയും പകരാൻ അതിനു കഴിയും.

ഇക്കാര്യത്തിൽ, സഭ മുഴുവൻ നിങ്ങൾക്കു നന്ദി പറയുന്നു. ഞാൻ തന്നെയും അപ്രകാരം ചെയ്യുകയും എന്റെ പ്രാർഥനയിൽ നിങ്ങളെ എപ്പോഴും ഓർക്കുകയും ചെയ്യുന്നു. രോഗികളുടെ ആരോഗ്യമായ കന്യകമറിയത്തിനു നിങ്ങളെ ഞാൻ ഭരമേൽപ്പിക്കുന്നു. നമ്മുടെ വളരെയേറെ സഹോദരീസഹോദരന്മാർ തങ്ങളുടെ ആവശ്യനേരത്ത് അവളോടു നടത്തിയ പ്രാർഥനാവരികൾ ഞാൻ ഉപയോഗപ്പെടുത്തുന്നു:

> പരിശുദ്ധ ദൈവമാതാവേ, അങ്ങയുടെ സംരക്ഷണത്തിനായി ഞങ്ങൾ ഓടിയണയുന്നു.
>
> ഞങ്ങളുടെ ആവശ്യനേരത്ത് ഞങ്ങളുടെ അപേക്ഷകൾ ഉപേക്ഷിക്കരുതേ.
>
> മഹത്വപൂർണയും അനുഗ്രഹീതയുമായ കന്യകേ,
>
> എല്ലാ ആപത്തുകളിൽനിന്നും ഞങ്ങളെ എപ്പോഴും കാത്തുകൊള്ളണമേ.

നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും നിങ്ങളുടെ പ്രിയപ്പെട്ടവരെയും ഞാൻ ആശീർവദിക്കുന്നു. ദയവായി എനിക്കുവേണ്ടികൂടെ പ്രാർഥിക്കാൻ വിസ്മരിക്കരുതേ.

റോമിലെ ജോൺ ലാറ്ററൻ ദേവാലയത്തിൽനിന്ന് 2025 ജനുവരി 14-ാം തീയതി നൽകിയത്.

**ഫ്രാൻസിസ് പാപ്പാ**

**സർക്കുലർ: 2/2025**

## എറണാകുളം-അങ്കമാലി അതിരൂപതയിലെ

### എല്ലാ വൈദികർക്കും സമർപ്പിതർക്കും ദൈവമക്കൾക്കും നമ്മുടെ കർത്താവിൽ ആശീർവാദവും സമാധാനവും!

**ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,**

ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായ നമ്മുടെ അതിരൂപതയുടെ ഭരണചുമതല സഭയുടെ മേജർ ആർച്ചുബിഷപ്പിനെ പരിശുദ്ധ പിതാവ് ഭരമേല്പിച്ചിരിക്കുകയാണല്ലോ. എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരിയായി പരിശുദ്ധ സിംഹാസനത്തിന്റെ അനുവാദത്തോടെ മാർ ജോസഫ് പാംപ്ലാനി പിതാവിനെ നമ്മുടെ സിനഡ് നിയമിച്ച കാര്യവും നിങ്ങൾ ഇതിനോടകം അറിഞ്ഞിട്ടുണ്ടല്ലോ. നമ്മുടെ അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആയി ത്യാഗപൂർവ്വം സേവനം ചെയ്ത അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവിനെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കാം. പ്രത്യാശയുടെ തീർത്ഥാടകരാകാൻ തിരുസഭ ഒരുങ്ങുന്ന ഈ ജൂബിലി വർഷത്തിലെ നോമ്പുകാലത്തിലേക്ക് പ്രത്യാശയോടെ നമുക്ക് ഒരുമിച്ചുനടക്കാം. ''പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'' (റോമ 5:5) എന്ന ആപ്തവാക്യവുമായിട്ടാണ് ജൂബിലി നാം ആഘോഷിക്കുന്നത്. നമുക്കു നൽകപ്പെട്ട പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിലേക്ക് ചൊരിയുന്ന ദൈവസ്നേഹംകൊണ്ടാണ് നിരാശരാകാതെ പ്രത്യാശയോടെ വ്യാപരിക്കാൻ നമുക്ക് കഴിയുന്നത്.

ഏറെ പ്രതിസന്ധികൾക്കു നടുവിലും അജപാലന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ ശ്രമിക്കുന്ന അതിരൂപതയിലെ എല്ലാ വൈദികരെയും ഞങ്ങൾ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. എങ്കിലും,

ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബ്ബാനയർപ്പണരീതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള തർക്കങ്ങൾ സഭയെ മുഴുവനായും നമ്മുടെ അതിരൂപതയെ സവിശേഷമായും ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഞായറാഴ്ച ആചരണത്തിനു മാർഗ്ഗമില്ലാതെ പലരും ഓൺലൈൻ കുർബാനകളിലേക്ക് പിൻവാങ്ങിയിരിക്കുകയാണ്. പൊതുസമൂഹത്തിന്റെയും ഇതര സഭകളുടെയും മുമ്പിൽ നമ്മുടെ സഭാജീവിതം പരിഹാസ്യമായി. ഇടവകകളിലും കുടുംബങ്ങളിലും ഭിന്നതകൾ രൂപപ്പെട്ടു തുടങ്ങി. ഈ തർക്കങ്ങൾക്കിടയിൽ തിരുസഭയുടെ പൗരോഹിത്യവും പരിശുദ്ധ കുർബ്ബാനയും എത്രയോവട്ടം പരസ്യമായി അധിക്ഷേപിക്കപ്പെട്ടു. തിരുസഭയുടെ ശക്തിയായിരുന്ന അച്ചടക്കവും കെട്ടുറപ്പും അപകടകരമാംവിധം തകരാറിലായി. പരിശുദ്ധ പിതാവിന്റെ നിർദ്ദേശങ്ങൾപോലും അവഗണിക്കപ്പെട്ടത് ഏറെ വേദനയോടെയാണ് വിശ്വാസി സമൂഹം നോക്കിക്കാണുന്നത്. പരസ്പരം പഴിചാരുന്നത് പരിഹാരമല്ലെന്ന് നാം തിരിച്ചറിയണം. ഈ രീതിയിൽ ഇനിയും മുന്നോട്ടു പോകാനാകാത്ത പ്രതിസന്ധിയിൽ നാമെത്തിയിരിക്കുകയാണ്. എറണാകുളം-അങ്കമാലി അതിരൂപതയിലെ പ്രിയപ്പെട്ട ദൈവമക്കളെ, നമുക്ക് ഈ പ്രതിസന്ധി പരിഹരിക്കണം. നോമ്പുകാലത്തിലേക്ക് പ്രവേശിക്കുന്ന സാഹചര്യത്തിൽ മാർച്ച് 2-ാം തീയതി മുതൽ മൂന്ന് കർമ്മപദ്ധതികൾ ഇതിനായി പ്രാർത്ഥനാപൂർവ്വം നിങ്ങൾക്കു മുന്നിൽ വയ്ക്കുകയാണ്:

ഒന്നാമതായി, നമുക്ക് പ്രാർത്ഥനാപൂർവ്വം അനുതാപത്തോടെ കർത്താവിങ്കലേക്കു തിരിയാം. ഏറെ സങ്കീർണ്ണമായ പ്രതിസന്ധികളിലൂടെയാണ് നമ്മുടെ അതിരൂപത കടന്നുപോകുന്നത് എന്ന വസ്തുത നാമെല്ലാവരും മനസ്സിലാക്കുന്നുണ്ടല്ലോ. തന്റെ തിരുരക്തം വിലയായി നല്കി ഈശോ സ്ഥാപിച്ച തിരുസഭയുടെ മക്കളാണ് നാം. ഏതു പ്രതിസന്ധികൾക്കു നടുവിലും സഭാ നൗകയെ ശാന്തതയുടെ തീരത്തേക്കു നയിക്കാൻ കഴിവുള്ള കർത്താവാണ് തിരുസഭയുടെ നാഥൻ. കൊടുങ്കാറ്റിൽപെട്ട വള്ളത്തെ രക്ഷിക്കാൻ ഉച്ചത്തിൽ പ്രാർത്ഥിച്ച ശിഷ്യന്മാരെപ്പോലെ

നമുക്കും പ്രാർത്ഥിക്കാം "കർത്താവേ ഞങ്ങളെ രക്ഷിക്കണമേ..." (മത്തായി 8/25) നമ്മുടെ അതിരൂപതയുടെ നിയന്ത്രണം കർത്താവിന്റെ കരങ്ങളിൽ സമർപ്പിച്ച് അവിടുത്തെ തിരുഹിതം നടപ്പിലാക്കാൻ നമുക്കു സന്നദ്ധരാകാം. "എന്റെ ഹിതമല്ല അവിടത്തെ ഹിതം നിറവേറട്ടെ" (ലൂക്ക 22/42) എന്ന ഈശോയുടെ മനോഭാവം സഭയൊന്നാകെ സായത്വ മാക്കാൻ നമുക്കു പ്രാർത്ഥിക്കാം. കർത്താവു പരിഹരിച്ചാൽ മാത്രം പരി ഹൃതമാകുന്ന പ്രതിസന്ധികളാണ് നമുക്കു ചുറ്റുമുള്ളത്. ഈ വലിയ നോമ്പുകാലം മുഴുവൻ നമ്മുടെ ഇടവക പള്ളികളിലും സമർപ്പിത ഭവനങ്ങളിലും എല്ലാ കുടുംബങ്ങളിലും പ്രശ്നപരിഹാരം ലക്ഷ്യമാക്കി തീക്ഷണമായി പ്രാർത്ഥിക്കണം. നോമ്പുകാലത്തെ നമ്മുടെ ഉപവാസങ്ങളും പരിത്യാഗ പ്രവർത്തികളുമെല്ലാം ഈ നിയോഗത്തിനായി നമുക്ക് കാഴ്ചവയ്ക്കാം. രക്ഷാകര പദ്ധതിയെ തകിടംമറിക്കാൻ പിശാച് ഒരുക്കുന്ന കെണികളെ അതിജീവിക്കാൻ നാല്പതു ദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവസിച്ചു പ്രാർത്ഥിച്ച നമ്മുടെ കർത്താവിനെ ധ്യാനിക്കുന്ന നോമ്പുകാലം നമുക്ക് ഭിന്നതയുടെ അരൂപിയെ പരാജയ പ്പെടുത്താൻ ഫലപ്രദമായി പ്രയോജനപ്പെടുത്താം.

രണ്ടാമതായി, സീറോമലബാർസഭയുടെ സിനഡ് തീരുമാനിച്ചതും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം അംഗീകരിച്ചതും പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നടപ്പിലാക്കാൻ ആവർത്തിച്ച് ആഹ്വാനം ചെയ്തതുമായ ഏകീകൃതരീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം എന്ന തീരുമാനത്തിന് മാറ്റംവരുത്താൻ നമുക്ക് ആർക്കും അവകാശമില്ല. എറണാകുളം-അങ്കമാലി അതിരൂപതയിലെ ഏതാനും പള്ളികളിൽ ഈ തീരുമാനം നടപ്പിലായിട്ടുണ്ട് എന്നുള്ളത് ശ്രദ്ധാർഹമാണ്. എന്നാൽ മറ്റ് പള്ളികളിൽ നടപ്പിലാക്കാനുള്ള അജപാലനപരമായ പ്രതിസന്ധികൾ ചൂണ്ടിക്കാണിച്ചതിന്റെ വെളിച്ചത്തിൽ വിവിധ തലങ്ങളിലെ കൂടിയാലോ ചനകളിലൂടെയും സിനഡിന്റെ അംഗീകാരത്തോടെയും നാം എത്തി ച്ചേർന്ന ധാരണയാണ് (Ref. 6/24) ഞായറാഴ്ചകളിലും കടമുള്ള ദിവസ ങ്ങളിലും ഒരു വിശുദ്ധ കുർബാനയെങ്കിലും ഏകീകൃത രീതിയിൽ

അർപ്പിച്ചു തുടങ്ങാം എന്നത്. ഏതാനും പള്ളികൾ ഈ തീരുമാനം കൃത്യതയോടെ നടപ്പിലാക്കുന്നുണ്ട് എന്നത് അഭിനന്ദനാർഹമാണ്. നാം എത്തിച്ചേർന്ന ധാരണയിൽനിന്നുതന്നെ നമുക്ക് പുനരാരംഭിക്കാം. സിവിൽ കേസുകൾ നിലവിലുള്ള പള്ളികളിലുൾപ്പടെ ഞായറാഴ്ച കളിൽ അർപ്പിക്കപ്പെടുന്ന പതിവു കുർബാനകളിൽ (Scheduled Qurbana) ഒരെണ്ണമെങ്കിലും ഏകീകൃതരീതിയിൽ അർപ്പിച്ചുകൊണ്ട് നമുക്ക് നോമ്പു കാലത്തിലേക്ക് പ്രവേശിക്കാം. ഇപ്രകാരം വിശുദ്ധ കുർബാനയർപ്പണം ആരംഭിച്ചുകഴിഞ്ഞാൽ ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള സിവിൽ കേസുകൾ പിൻവലിക്കാൻ ബന്ധപ്പെട്ടവർ തയ്യാറാകണം. ചർച്ചകളിൽ നാം ധാരണയിൽ എത്തിയിരുന്നതുപോലെ, എല്ലാ പള്ളികളിലും വചനവേദി (ബേമ്മ) എല്ലാ വിശുദ്ധ കുർബ്ബാനകളിലും ഉപയോഗിക്കണം. അജപാലന ആവശ്യങ്ങൾക്കായി അതിരൂപതയിലെത്തുന്ന മെത്രാന്മാർക്കും വൈദികർക്കും ഏകീകൃത രീതിയിൽ വിശുദ്ധ കുർബാന യർപ്പിക്കാൻ സൗകര്യം ചെയ്തുകൊടുക്കണം. ഹൃദയശാന്തതയും എളിമയുമുള്ള ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിതമായ നമ്മുടെ അതിരൂപതയിലെ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, ദൈവ മക്കളേ, കൂട്ടായ്മയിലേക്ക് ഒരുമിച്ചു നടക്കാനുള്ള ഈ അവസരം നിങ്ങൾ അവഗണിക്കരുത്. നാം അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ സഭാത്മകമായി മാത്രമേ നമുക്ക് പരിഹരിക്കാനാവൂ. തെരുവുസമരങ്ങളും കോടതി വ്യവഹാരങ്ങളും നമ്മൾ സഞ്ചരിക്കേണ്ട വഴിയല്ല എന്ന് നാം തിരിച്ചറിയണം. നിങ്ങളുടെ ഏതൊരാവശ്യവും സഭാസംവിധാനങ്ങളുടെ പരിധിക്കുള്ളിൽനിന്നുകൊണ്ട് അനുഭാവപൂർവ്വം തുടർചർച്ചകളിലൂടെ പരിഹരിക്കാൻ ഞങ്ങൾ സദാ സന്നദ്ധരാണ്. മുൻ വിധികളില്ലാതെ തുറന്ന ചർച്ചയിലൂടെ പ്രതിസന്ധികൾ പരിഹരിക്കാൻ നമുക്ക് ഹൃദയം തുറക്കാം. "ക്ഷമിക്കാതെ നമുക്ക് ഭാവിയില്ല" എന്ന സത്യം എല്ലാവരും ഗ്രഹിക്കണം. കഴിഞ്ഞ കാലങ്ങളിലെ മുറിവുകളെക്കുറിച്ചു മാത്രം ചിന്തി ക്കാതെ പ്രശ്നപരിഹാരത്തിനായി നമുക്ക് ഒരുമിച്ച് ചിന്തിക്കാം. എതിർ സ്വരങ്ങളെ അടിച്ചമർത്താതെ, ക്ഷമാപൂർവ്വം ശ്രവിക്കുമ്പോൾ പരിശു ദ്ധാത്മാവ് നമുക്കു ശരിയായ ദിശ കാണിച്ചുതരും. എപ്പോഴും സ്വന്തം

ഭാഗം മാത്രമാണ് ശരി എന്ന നിർബന്ധബുദ്ധി വെടിഞ്ഞ് പരിശുദ്ധാത്മാവിന്റെ സ്വരം ശ്രവിക്കാനുള്ള വിവേകം സഭയ്ക്കു മുഴുവൻ സംലഭ്യമാകാൻ നമുക്ക് പ്രാർത്ഥിക്കാം.

മൂന്നാമതായി, പ്രതിസന്ധികൾ പരിഹരിക്കാൻ നാം ആത്മാർഥമായി പരിശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ സാമൂഹ്യമാധ്യമങ്ങളിലും പൊതുസ്ഥലങ്ങളിലും നമുക്ക് പ്രത്യാശയുടെ സന്ദേശം പങ്കുവയ്ക്കാം. പരസ്പരം കുറ്റപ്പെടുത്തി സമൂഹമാധ്യമങ്ങളിൽ തിരുസഭയ്ക്ക് അപമാനമുണ്ടാക്കുന്ന വാക്കുകളും പ്രവൃത്തികളും ഒഴിവാക്കാൻ എല്ലാവരും ശ്രദ്ധിക്കണം. പ്രതിസന്ധികൾ പരിഹരിക്കാനുള്ള ആദ്യപടി പ്രകോപനങ്ങൾ ഒഴിവാക്കുക എന്നതാണ്. അതിനാൽ, സഭയെ സ്നേഹിക്കുന്ന എല്ലാ ദൈവമക്കളും എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സമൂഹമാധ്യമങ്ങളിലൂടെ വിചാരണചെയ്യുന്നത് അവസാനിപ്പിച്ച് പ്രാർഥനാപൂർവ്വം ദൈവീക ഇടപെടലിനായി കൃപാപൂർണ്ണമായ മാധ്യമമൗനം പാലിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

"മനുഷ്യാ നീ മണ്ണാകുന്നു" എന്ന പ്രാർത്ഥനയോടെ വിഭൂതിത്തിരുനാളിൽ നിത്യതയെക്കുറിച്ച് ധ്യാനിക്കാനുള്ള സഭയുടെ ആഹ്വാനത്തോടെയാണല്ലോ നാം നോമ്പുകാലത്തിലേക്കു പ്രവേശിക്കുന്നത്. നിത്യതയുടെ വെളിച്ചത്തിൽ ഇന്നിന്റെ പ്രതിസന്ധികൾക്കു പരിഹാരം നമുക്കു കണ്ടെത്താം.

മഹാരഥന്മാരായ അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ വൈദികരും സന്യസ്തരും അല്മായരും ഒന്നുചേർന്ന് പ്രവർത്തിച്ചതിലൂടെ അതിശയകരമാംവിധം വളർന്ന അഭിമാനകരമായ ചരിത്രമാണ് നമ്മുടെ അതിരൂപതയ്ക്കുള്ളത്. ഏതൊരു പ്രതിസന്ധിയെയും അതിജീവിക്കാനുള്ള ആധ്യാത്മികവും ഭൗതികവുമായ കരുത്ത് ഈ അതിരൂപതയ്ക്കുണ്ട്. ഈ ജൂബിലി വർഷം അവസാനിക്കും മുൻപ് പ്രതിസന്ധികൾ മറികടന്ന് പ്രത്യാശയുടെ കവാടം നമുക്ക് കൂട്ടായ്മയിൽ തുറക്കാം. ഈശോയുടെ തിരുഹൃദയത്തിൽ നിങ്ങൾ എല്ലാവരും സുരക്ഷിതരും അനുഗ്ര

ഹീതരുമാകട്ടെ. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെയും മാദ്ധ്യസ്ഥ്യം നമുക്ക് സംരക്ഷണത്തിന്റെ കോട്ടയാകട്ടെ.

സ്നേഹാശംസകളോടെ,

**+ മാർ റാഫേൽ തട്ടിൽ**
മേജർ ആർച്ചുബിഷപ്,
എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്ത

**+ മാർ ജോസഫ് പാംപ്ലാനി**
എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള
മേജർ ആർച്ചുബിഷപ്പിന്റെ വികാരി
28/02/2025

................................

N.B.: ഈ സർക്കുലർ 2025 മാർച്ച് 2-ാം തീയതി ഞായറാഴ്ചയിലെ വിശുദ്ധ കുർബാനമധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. അന്നേദിവസം വായിക്കാൻ സാധിക്കാത്ത ഇടവകകളിൽ മാർച്ച് 9-ാം തീയതി ഞായറാഴ്ച വായിക്കേണ്ടതാണ്.

No.: 4089/K-5/KCBC/OL/DS 14.02.2025

# മദ്യ-ലഹരിവിരുദ്ധ ഞായർ
# 2025 മാർച്ച് 23

## മദ്യ-ലഹരി വിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി
## കെ.സി.ബി.സി.
## മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

വന്ദ്യ വൈദികരെ, സന്യസ്തരെ, മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാ സഭ മാർച്ച് 23-ാം തീയതി മദ്യ-ലഹരിവിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണ്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മദ്യ-രാസലഹരിയെ ക്കുറിച്ച് സഭയായി ചർച്ച ചെയ്യുന്നതിനും ഈ മഹാവിപത്തിനെ ഫലപ്രദമായി നേരിടുന്നതിനും തരണം ചെയ്യുന്നതിനുമുള്ള മാർഗങ്ങൾ കണ്ടെത്തുകയുമാണ് മദ്യ-ലഹരിവിരുദ്ധ ഞായർ എന്നതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. 'മദ്യ-ലഹരിവിരുദ്ധ സഭയും സമൂഹവും' എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ 27 വർഷമായി കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി പ്രവർത്തിച്ചുവരുന്നു.

മാരകമായ രാസ ലഹരിയുടെയും മദ്യത്തിന്റെയും നീരാളി പിടുത്തത്തിലാണ് ഇന്ന് നമ്മുടെ കേരളം. എവിടെയും മദ്യവും മയക്കുമരുന്നുകളും സുലഭം. ഇവയ്ക്ക് അടിമപ്പെടുന്നവരുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നു. മദ്യത്തിന്റെയും രാസലഹരിയുടെയും ഉപയോഗംവഴി മനുഷ്യർ ക്രൂരരും അക്രമാസക്തരും അപഹാസ്യരുമാകുന്നു. അതോടൊപ്പം, കുടുംബങ്ങളിൽ സമാധാനം ഇല്ലാതാകുന്നു. അധ്വാനഫലം ചോർന്നുപോകുന്നു. സമ്പാദ്യങ്ങൾ നശിക്കുന്നു. അനുഗ്രഹം അന്യമാകുന്നു. കുടുംബങ്ങൾ അനാഥമാകുന്നു. ബന്ധങ്ങൾ തകരുന്നു. ആത്മഹത്യകൾ വർദ്ധിക്കുന്നു. ധാർമികതയ്ക്ക് വിലയില്ലാതാകുന്നു. സ്വന്തം ഭവനത്തിൽ പോലും സ്വന്തപ്പെട്ടവർക്ക് പേടിച്ച് കഴിയേണ്ട അവസ്ഥ. ചുരുക്കത്തിൽ, സമൂഹത്തെ മുഴുവൻ ബാധിച്ചിരിക്കുന്ന

സാമൂഹ്യ തിന്മയായി മദ്യ-രാസലഹരി ഉപയോഗം മാറിക്കഴിഞ്ഞിരിക്കുന്നു.

തുടർഭരണം നേടിവരുന്ന സർക്കാരുകൾ പണം കണ്ടെത്തുന്ന കുറുക്കുവഴിയാണ് മദ്യ വില്പനയും മദ്യ നിർമ്മാണവും. ബാറിന്റെയും ബിവറേജ് ഔട്ട്ലെറ്റുകളുടെയും എണ്ണം വർദ്ധിപ്പിച്ചും, ഐ.ടി. പാർക്കുകളിൽ ബാറും പബ്ബും ആരംഭിച്ചുകൊണ്ടും അവസാനമായി പാലക്കാട് എലിപ്പുള്ളിയിൽ സ്വകാര്യ കമ്പനിക്ക് ബ്രൂവെറിക്ക് അനുമതി നൽകിയും നമ്മുടെ നാടിനെ മദ്യലഹരിയിൽ മുക്കിക്കൊല്ലാനുള്ള അണിയറ ഒരുക്കങ്ങൾ നടക്കുന്നു. മറുവശത്ത്, പൊതുജനം ശാരീരികമായും മാനസികമായും തകർന്നുകൊണ്ടിരിക്കുന്നു. സർക്കാരിന്റെ തന്നെ പദ്ധതിയായ "അമൃതം ആരോഗ്യം" എന്നതിലൂടെ പത്തു ലക്ഷത്തിലധികം പേരാണ് പുകയില ഉപയോഗം വഴിയുണ്ടായിട്ടുള്ള രോഗങ്ങൾക്ക് ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിന്റെ രണ്ടാംഘട്ടത്തിൽ 23 ലക്ഷം പേർക്കാണ് ചികിത്സ നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നത്. കേരളം ഇപ്പോൾ എവിടെ എത്തി നിൽക്കുന്നു എന്നതിന്റെ നേർക്കാഴ്ചയാണ് ഇവിടെ നാം കാണുന്നത്. നമ്മുടെ നാടിന്റെ എല്ലാ മുക്കിലും മൂലയിലും ലഹരി മാഫിയാകൾ സ്ഥാനമുറപ്പിച്ചു കഴിഞ്ഞു. കേവലം, 18 വയസ്സിന് താഴെ പ്രായമുള്ളവരുടെ 'കുട്ടിഗുണ്ടാസംഘങ്ങൾ' ലഹരിക്കടിമപ്പെട്ട് ചേരിതിരിഞ്ഞുള്ള ആക്രമണങ്ങൾ ഇവിടെ നടമാടുമ്പോഴും അധികാരികളുടെ കണ്ണുകൾ അടഞ്ഞു തന്നെ.

കേരളത്തിൽ അതിവേഗം വളർന്നുവരുന്ന മദ്യ-രാസലഹരി മാഫിയായെ അമർച്ച ചെയ്യുവാൻ എല്ലാവർക്കും ബാധ്യതയുണ്ട്. സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നുവെങ്കിലും ഒന്നും ഫലം കാണുന്നില്ല. ഒന്നാമതായി, രാസ ലഹരിയുടെ ദോഷഫലങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. അഞ്ചാം ക്ലാസ് മുതൽ കോളേജ് തലംവരെയുള്ള ക്ലാസുകളിൽ മദ്യ-രാസ ലഹരിയുടെ തിക്തഫലങ്ങൾ വിശദമായി പഠിപ്പിക്കണം. സംസ്ഥാന അതിർത്തികളിലും റെയിൽവേസ്റ്റേഷനുകളിലും ബസ്സ്റ്റാൻഡുകളിലും നിരീക്ഷണം ശക്തമാക്കണം. കേരളത്തിലേക്ക് തൊഴിൽ തേടി പുറത്തു നിന്നുവരുന്നവരെ സമ്പൂർണ്ണ പരിശോധനയ്ക്ക് വിധേയമാക്കണം. നമ്മുടെ മതബോധന ക്ലാസുകളിൽ ഈ വിഷയം ഗൗരവമായി പഠിപ്പിക്കണം. കേരള

ഹൈക്കോടതിയുടെ അഭിപ്രായത്തിൽ, യുവതലമുറയെയും പൊതുജന ങ്ങളുടെ ആരോഗ്യത്തെയും തകർക്കുന്ന ആഗോള പകർച്ചവ്യാധിയാണ് മദ്യവും രാസലഹരികളും. നാടിന്റെ സാമ്പത്തിക സ്ഥിരതയെയും അതിന്റെ ബഹുവിധ സംവിധാന ങ്ങളെയും ഇത് നശിപ്പിക്കുന്നു. മദ്യ-ലഹരിയുടെ വിപണനത്തിനും ഉപയോഗത്തിനും ശാശ്വത പരിഹാരം കാണുവാൻ സഭയ്ക്കും സഭയിലെ എല്ലാ വിശ്വാസികൾക്കും കടമയുണ്ട്. മാരകമായ ഈ വിപത്ത് സംബന്ധിച്ച് വിശ്വാസികൾ ബോധ്യമുള്ളവരാകണം. കൂട്ടായപ്രാർത്ഥനകളും, ബോധവൽക്കരണ വും, മദ്യവിരുദ്ധ പ്രവർത്തനങ്ങളും ഇടവകകളിലും കുടുംബങ്ങളിലും നടത്തണം.

“ലഹരിയുടെ ഉപയോഗം വ്യക്തിയുടെ ആരോഗ്യവും ജീവിതവും നശിപ്പിക്കുന്നു” (YOUCAT- 389). രാസലഹരിയുടെ വിനാശകരമായ പാർശ്വഫലങ്ങൾ വ്യക്തമാക്കിക്കൊണ്ട് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറഞ്ഞു: മയക്കുമരുന്ന് കച്ചവടക്കാർ മരണ സംസ്കാരത്തിന്റെ വ്യാപാരികളാണ്. ചുരുക്കത്തിൽ, മയക്കു മരുന്നിന്റെ ഉപയോഗത്തെ എതിർക്കുകയും സമൂഹത്തിൽ നിന്ന് അത് ഇല്ലാതാക്കുകയും ചെയ്യുകയെന്നത് ഓരോ ക്രൈസ്തവന്റെയും ധർമ്മ മാണ്. ഈ വിഷയത്തിൽ സഭയും സമൂഹവും അനുഭവിക്കുന്ന വെല്ലു വിളികളെ നേരിടാനും ഫലപ്രദമായി പരിഹാരം കണ്ടെത്തുവാനുമായി കെ.സി.ബി.സി. യുടെ വിവിധ കമ്മീഷനുകൾ എല്ലാ സഹകരണങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. കേരള സഭയിലെ എല്ലാ അല്മായ പ്രസ്ഥാന ങ്ങളും സംഘടനകളും ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ പങ്കാളികളാകണം. മദ്യ-ലഹരിവിരുദ്ധ ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ സഭയുടെ പ്രേഷിത ദൗത്യത്തെക്കുറിച്ച് ചിന്തിക്കുകയും മദ്യ-രാസ ലഹരിയിൽ സഭാമക്കൾ ഉൾപ്പെടാതിരി ക്കുകയും വേണം. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക, മദ്യ-രാസ ലഹരിക്ക് അടിമപ്പെടുന്ന വരെ ചികിത്സിക്കുക, ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്ത മാക്കുക എന്നീ ത്രിമാന പരിപാടികളിലൂടെ സമ്പൂർണ്ണ വിമോചനം നേടിയെടുക്കുവാനും, ഈ സാമൂഹ്യവിപത്തിനെതിരെ യുള്ള പോരാട്ടങ്ങൾ ശക്തമാക്കുവാനും ഈ മദ്യ-ലഹരിവിരുദ്ധ ഞായർ ആചരണം സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു! ഈ ലക്ഷ്യം നേടിയെടുക്കാൻ കൂട്ടായി പ്രവർത്തിക്കാം. മാർച്ച് 23-ാം തീയതി

ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ രൂപതാ കേന്ദ്രത്തിൽ നൽകണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സിമിതി)

**ബിഷപ്പ് ആർ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ)


**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
(വൈസ് ചെയർമാൻ)

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം

N:B: *ഈ സർക്കുലർ 2025 മാർച്ച് 23-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം.*

# അഭിവന്ദ്യ പടിയറ പിതാവിന്റെ 25-ാം ചരമവാർഷികം

(മാർച്ച് 23)




മാർച്ച് 23-ാം തീയതി വൈകിട്ട് 6.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അഭിവന്ദ്യ **കർദിനാൾ മാർ ആന്റണി പടിയറ** പിതാവിനുവേണ്ടി അനുസ്മരണ പ്രാർത്ഥന ഉണ്ടായിരിക്കും. നമ്മുടെ എല്ലാപള്ളികളിലും പിതാവിനുവേണ്ടി അന്നേദിവസം വിശുദ്ധ കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

# അഭിവന്ദ്യ വിതയത്തിൽ പിതാവിന്റെ 14 – ാം ചരമവാർഷികം

(ഏപ്രിൽ 1)



ഏപ്രിൽ 01–ാം തീയതി വൈകിട്ട് 6.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അഭിവന്ദ്യ **കർദിനാൾ മാർ വർക്കി വിതയത്തിൽ** പിതാവിനുവേണ്ടി അനുസ്മരണ പ്രാർത്ഥന ഉണ്ടായിരിക്കും. നമ്മുടെ എല്ലാപള്ളികളിലും പിതാവിനുവേണ്ടി അന്നേദിവസം വിശുദ്ധ കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

# കച്ചേരിക്കാര്യം

## അമ്പതുനോമ്പാചരണം

ഈ വർഷം അമ്പതുനോമ്പ് ആരംഭിക്കുന്നത്
**മാർച്ച്** 2-ാം തീയതി ഞായറാഴ്ച
പാതിരാ മുതലാണ്.

## വിവാഹാശീർവ്വാദം

സഭയുടെ പാരമ്പര്യം അനുസരിച്ചും നോമ്പുകാലത്തിന്റെ പരിഹാരചൈതന്യം നിലനിറുത്തിയും വലിയനോമ്പിന്റെ ആദ്യ തിങ്കളാഴ്ച മുതൽ വലിയശനി ഉൾപ്പെടെയുള്ള ദിവസങ്ങളിലും വിവാഹാശീർവ്വാദം പൊതുവേ അനുവദനീയമല്ല (*അതിരൂപതാ നിയമസംഹിത 2009,* 149, പേജ് 144). വളരെ അത്യാവശ്യവും ഗൗരവവുമായ കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ നോമ്പുകാലത്ത് വിവാഹം നടത്താൻ അനുവാദത്തിന് അപേക്ഷിക്കാവൂ. ഇക്കാര്യം ജനങ്ങളെ മുൻകൂട്ടി അറിയിക്കേണ്ടതാണ്. നോമ്പിൽ നടത്തുന്ന മനസ്സമ്മതങ്ങളും നോമ്പിന്റെ ചൈതന്യത്തിനു തടസ്സം വരുത്താത്ത വിധത്തിലായിരിക്കുവാൻ ശ്രദ്ധിക്കണമെന്നുകൂടി ജനങ്ങളെ യഥാസമയം അറിയിക്കേണ്ടതാണ്.

**നോമ്പിലെ ഞായറാഴ്ചകളിലും ഓശാന ഞായർ മുതൽ ഉയിർപ്പു ഞായർ വരെയുള്ള ദിവസങ്ങളിലും വിവാഹാശീർവ്വാദം നടത്താൻ അനുവദിക്കുന്നതല്ല.**

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

# Transfers/Appointments of Priests

## February 2025

| | |
|---|---|
| Arackal Varghese | Attara, Priest-in-charge |
| Edassery Martin (Sminto) | Vice-Chancellor |
| Kodumkandathil Antony SMP | Prasadagiri, Vicar |
| Thottupuram John | Relieved - Prasadagiri, Priest-in-charge |

## January 2025

| | |
|---|---|
| Illimoottil Joby (Chanda) | Relieved - Angamaly (Resident Priest) |

*Chancellor*



# നിര്യാതരായി



## ഫാ. ഫിലിപ്പ് വാഴപ്പറമ്പിൽ

**ജനനം: 28/01/1945**
**തിരുപ്പട്ടം: 19/12/1975**
**മരണം: 29/01/2025**

ബഹുമാനപ്പെട്ട ഫിലിപ്പ് വാഴപ്പറമ്പിൽ അച്ചൻ 1945 ജനുവരി 28-ാം തീയതി മേവള്ളൂർ ഇടവകയിൽ വാഴപ്പറമ്പിൽ പരേതരായ ചാക്കോ-മറിയാമ്മ ദമ്പതികളുടെ അഞ്ച് മക്കളിൽ ഒരാളായി ജനിച്ചു. ജോസഫ്, സി. റൊസീന, റോസമ്മ, സി. മേരി തെക്ല എന്നിവർ സഹോദരങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന്, കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് വൈദികപരിശീലനം പൂർത്തിയാക്കി 1975 ഡിസംബർ 19-ാം തീയതി കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ തൈക്കാട്ടുശ്ശേരി സെന്റ് ആന്റണീസ് പള്ളിയിൽ സഹവികാരിയായും, അച്ചിനകം പള്ളിയിൽ ആക്ടിംഗ് വികാരിയായും തുറവൂർ സൗത്ത്, ചുള്ളി പള്ളികളിൽ പ്രൊ വികാരിയായും കോളങ്ങായി, നെടുങ്ങാട്, കുമ്പളം, പൊതി, മാണിക്യമംഗലം, വെള്ളാരപ്പിള്ളി സൗത്ത്, കോക്കുന്ന്, ഉല്ലല എന്നിവിടങ്ങളിൽ വികാരിയായും സേവനം ചെയ്തു. വിവിധ ഇടവകകളിലെ സേവനത്തിനുശേഷം തൃക്കാക്കര വിജോ ഭവനിലും തുടർന്ന്, മേവെള്ളൂരിലുള്ള സഹോദരൻ വാഴപ്പറമ്പിൽ പാപ്പച്ചന്റെ ഭവനത്തിലും വിശ്രമജീവിതം നയിക്കുകയായിരുന്ന ഫിലിപ്പച്ചൻ, വാർദ്ധക്യസഹജമായ അസുഖങ്ങളാൽ 2025 ജനുവരി 29-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ബഹുമാനപ്പെട്ട ഫിലിപ്പ് വാഴപ്പറമ്പിൽ അച്ചന്റെ മൃതദേഹം ജനുവരി 30 വ്യാഴാഴ്ച വൈകിട്ട് 6.00 മണിക്ക് മേവള്ളൂർ ഇടവകയിൽ, സഹോദരൻ വാഴപ്പറമ്പിൽ ജോസഫ് (പാപ്പച്ചൻ) ന്റെ ഭവനത്തിൽ കൊണ്ടുവന്നു. പിറ്റേദിവസം ജനുവരി 31-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്ക് 12.00 മണി മുതൽ മേവള്ളൂർ മേരി ഇമ്മാക്കുലേറ്റ് പള്ളിയിൽ ബഹുമാനപ്പെട്ട ഫിലിപ്പ് വാഴപ്പറമ്പിൽ അച്ചന്റെ മൃതദേഹം പൊതുദർശനത്തിന് വച്ചു. തുടർന്ന്, 2.30-ന് വിശുദ്ധ കുർബാനയോടുകൂടി മൃതസംസ്കാരകർമ്മങ്ങളുടെ മൂന്നാം ഭാഗം ആരംഭിച്ചു. വൈക്കം ഫൊറോന പള്ളി വികാരി പെരിയ ബഹുമാനപ്പെട്ട ബർക്കുമൻസ് കൊടക്കയ്ൽ അച്ചൻ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. അങ്കമാലി ഫൊറോന പള്ളി വികാരി പെരിയ ബഹുമാനപ്പെട്ട ലൂക്കോസ് കുന്നത്തൂർ അച്ചൻ വചന സന്ദേശം നൽകി.

സൗമ്യനും വിനയത്തോടും ആരോടും പരിഭവമില്ലാതെ എല്ലാനന്മകളുടെയും നിറകുടമായ വ്യക്തിയുമായിരുന്നു ഫിലിപ്പച്ചനെന്ന് ബഹുമാനപ്പെട്ട കുന്നത്തൂരച്ചൻ അനുസ്മരിച്ചു. ഫിലിപ്പച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി വർഷത്തിലാണ് അച്ചനെ നിത്യതയിലേക്കു വിളിച്ചതെന്നും തന്റെ പ്രസംഗത്തിൽ പറഞ്ഞു.

ഫിലിപ്പച്ചൻ അതിരൂപതയിലെ ദൈവജനത്തെ ശാന്തമായി ശ്രുശ്രൂഷിച്ചുകൊണ്ടാണ് തന്റെ ജീവിതബലി പൂർത്തിയാക്കിയത്. തനിക്ക് ഭരമേല്പിക്കപ്പെട്ട ഇടവകജനത്തെ കരുതലോടും ക്ഷമയോടും സൗമ്യതയോടുംകൂടിയാണ് അച്ചൻ നയിച്ചത്. ബഹുമാനപ്പെട്ട ഫിലിപ്പ് വാഴപ്പറമ്പിലച്ചൻ വിശ്വസ്തതാപൂർവ്വം പൂർത്തിയാക്കിയ വൈദികജീവിതത്തിന് എറണാകുളം-അങ്കമാലിയുടെ ആദരാഞ്ജലികൾ.

■



# ഫാ. ആന്റണി ചിറപ്പണത്ത്

**ജനനം: 17/06/1943**
**തിരുപ്പട്ടം: 18/12/1968**
**മരണം: 25/02/2025**

ബഹുമാനപ്പെട്ട ആന്റണി ചിറപ്പണത്ത് അച്ചൻ 1946 ഡിസംബർ 12-ാം തീയതി കാടുകുറ്റി ഇടവകയിൽ ചിറപ്പണത്ത് സി. പി. കൊച്ചാപ്പു-അന്നം ദമ്പതികളുടെ എട്ട് മക്കളിൽ ഒരാളായി ജനിച്ചു. ജോസ്, പോൾ, മേരി, സെബാസ്റ്റ്യൻ, അലക്സ്, അഗസ്റ്റിൻ, ജോൺ എന്നിവർ സഹോദരങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1960-ൽ എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന്, കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് വൈദികപരിശീലനം പൂർത്തിയാക്കി 1968 ഡിസമ്പർ 18-ാം തീയതി കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ ഞാറക്കൽ, രാജഗിരി, നോർത്ത് പറവൂർ പള്ളികളിൽ സഹവികാരിയായും, ശ്രീമൂലനഗരം, കച്ചേരിപ്പടി, അമ്പലമുഗൾ പള്ളികളിൽ ആക്ടിംഗ് വികാരിയായും ചൂണ്ടി പള്ളിയിൽ പ്രൊ വികാരിയായും ഞാറക്കൽ, ശാന്തിപുരം എന്നിവിടങ്ങളിൽ വികാരിയായും അച്ചൻ സേവനം ചെയ്തിട്ടുണ്ട്. ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ ആത്മീയ പിതാവായും കളമശ്ശേരി സോഷ്യൽ കോളേജിൽ പ്രിൻസിപ്പാളായും അതിരൂപതയുടെ കോർപ്പറേറ്റ് മാനേജറായും അച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. ചിറപ്പണത്ത് അച്ചൻ ഡയറക്ടറായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഗാന്ധിയൻ സ്റ്റഡിസ് കർണാടക യൂണിവേഴ്സിറ്റിയിലും സ്കൂൾ ഗാന്ധിയൻ തോട്ട്സ് ആൻഡ് ഡെവലപ്മെൻറ് സ്റ്റഡീസ് എം.ജി. യൂണിവേഴ്സിറ്റിയിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. വിവിധ ഇടവകകളിലെയും സ്ഥാപനങ്ങളിലെയും അജപാലനശുശ്രൂഷകൾക്കുശേഷം എടക്കുന്ന്, സെന്റ് പോൾസ് പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതം നയിച്ചുവരികയായിരുന്ന ബഹുമാനപ്പെട്ട ആന്റണി ചിറപ്പണത്ത് അച്ചൻ, വാർദ്ധക്യസഹജമായ അസുഖങ്ങളാൽ 81-ാം വയസ്സിൽ, അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ വച്ച് 2025 ഫെബ്രുവരി 23-ാം തീയതി ഞായറാഴ്ച രാവിലെ നിര്യാതനായി.

ബഹുമാനപ്പെട്ട ആന്റണി ചിറപ്പണത്ത് അച്ചന്റെ മൃതദേഹം ഫെബ്രുവരി 24 തിങ്കളാഴ്ച വൈകിട്ട് 4.30 മുതൽ 5.30 വരെ എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ് ഹോമിലും വൈകിട്ട് 7.00 മണി മുതൽ പിറ്റേന്ന് (25/02/2025, ചൊവ്വ) ഉച്ചയ്ക്ക് 12.00 മണിവരെ കാടുകുറ്റിയിലുള്ള സഹോദരൻ അജിന്റെ ഭവനത്തിലും പൊതുദർശനത്തിന് വച്ചു. 12.00 മണിയോടുകൂടി അച്ചന്റെ മൃതദേഹം കാടുകുറ്റി പള്ളിയിലേക്ക് കൊണ്ടുവന്നു.

തുടർന്ന്, 2.30-ന് വിശുദ്ധ കുർബാനയോടുകൂടി മൃതസംസ്കാരകർമ്മങ്ങളുടെ മൂന്നാം ഭാഗം ആരംഭിച്ചു. ബഹുമാനപ്പെട്ട പയസ് ചിറപ്പണത്ത് അച്ചനാണ് തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചത്. ബഹുമാനപ്പെട്ട ജോസ് നാൽപ്പാട്ട് അച്ചൻ, ജോസഫ് വട്ടോലി അച്ചൻ, ഷിജോ കോനുപറമ്പിൽ അച്ചൻ, ജോജോ അച്ചൻ, അനീഷ് തേലേക്കാട്ട് അച്ചൻ, സെബാസ്റ്റ്യൻ വാഴപ്പിള്ളി അച്ചൻ എന്നിവർ സഹകാർമിക രായി. ബഹുമാനപ്പെട്ട ജോസ് ഇടശ്ശേരി അച്ചൻ വചന സന്ദേശം നൽകി. മൃതസംസ്കാര ശുശ്രൂഷയുടെ അവസാന ഭാഗത്തെ കർമ്മങ്ങൾക്ക് അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവ് മുഖ്യകാർമികത്വം വഹിച്ചു.

എപ്പോഴും സൗഹാർദത്തോടുകൂടി പെരുമാറുന്ന, ഇടപഴകുന്നവരെല്ലാവരും മനസ്സിൽ അദ്ദേഹത്തിന്റെ സാന്നിധ്യം വീണ്ടും ഓർമ്മിക്കത്തക്ക വിധത്തിൽതന്നെ ഇടപഴകുകയും ആതിഥ്യമര്യാദയോടുകൂടി എല്ലാവരെയും സ്വീകരിക്കുകയും പ്രോത്സാഹനം നൽകേണ്ടവർക്ക് പ്രോത്സാഹനം നൽകുകയും ആശ്വാസം കൊടുക്കേണ്ടവർക്ക് ആശ്വാസം കൊടുക്കുകയും ചെയ്യുന്ന ശൈലി ബഹുമാനപ്പെട്ട ആന്റണി ചിറപ്പണത്ത് അച്ചനുണ്ടായിരുന്നുവെന്ന് പ്രസംഗമധ്യേ ജോസ് ഇടശ്ശേരിയച്ചൻ അനുസ്മരിച്ചു.

പ്രാർത്ഥനാ ചൈതന്യത്തോടെ ബഹുമാനപ്പെട്ട ആന്റണി ചിറപ്പണത്ത് അച്ചൻ നിർവ്വഹിച്ച പൗരോഹിത്യശുശ്രൂഷ വഴി സഭയ്ക്കും സമൂഹത്തിനും ഏറ്റവും അധികമായി നമ്മുടെ അതിരൂപതയ്ക്കും ദൈവം നൽകിയ അനുഗ്രഹങ്ങളെയോർത്ത് ദൈവത്തിനു നന്ദി പറയാം.

പ്രിയപ്പെട്ട ആന്റണി അച്ചാ, അച്ചന്റെ കർമ്മനിരതവും ത്യാഗോജ്ജ്വലവുമായ വൈദികജീവിതത്തിന് കാരുണ്യവാനായ ദൈവം നിത്യസ

മ്മാനം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ബഹുമാനപ്പെട്ട ആന്റണി ചിറപ്പണത്ത് അച്ചന്റെ ദീപ്തമായ സ്മരണയ്ക്കുമുൻപിൽ എറണാകുളം-അങ്കമാലി അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ!!! ■



**സിസ്റ്റർ നിർമ്മല സി. എസ്. എൻ**
സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം

| | | |
|---|---|---|
| ജനനം | : | 16-07-1937 |
| ആദ്യ വ്രതം | : | 25-03-1961 |
| മരണം | : | 27-01-2025 |



**സിസ്റ്റർ സോഫിയ സി. എസ്. എൻ**
സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം

| | | |
|---|---|---|
| ജനനം | : | 02-05-1935 |
| ആദ്യ വ്രതം | : | 24-06-1961 |
| മരണം | : | 24-02-2025 |

---

# വാർത്തകളും വിശേഷങ്ങളും

## യേശുവിന്റെ കാഴ്ചപ്പാടുകളോട് ചേർന്നുനിൽക്കുന്ന പ്രവാചകകലാകാരന്മാരെ ആവശ്യമുണ്ട്: ഫ്രാൻസിസ് പാപ്പാ

യേശുവിന്റെ കാഴ്ചപ്പാടുകളോട് ചേർന്നുനിൽക്കുന്ന പ്രവാചക കലാകാരന്മാരെ ആവശ്യമുണ്ടെന്നോർമ്മിപ്പിച്ച് ഫ്രാൻസിസ് പാപ്പാ. കലാസാംസ്കാരികമേഖലയിലുള്ളവരുടെ ജൂബിലിയുമായി ബന്ധപ്പെട്ട് ഫെബ്രുവരി 16 ഞായറാഴ്ച വത്തിക്കാനിൽ അർപ്പിക്കപ്പെട്ട വിശുദ്ധ ബലിമദ്ധ്യേ നൽകാനായി തയ്യാറാക്കിയ പ്രഭാഷണത്തിൽനിന്നുള്ള ഒരു സന്ദേശമാണ്, ഇതേ ദിവസം സമൂഹമാധ്യമമായ '*എക്സ്*'-ൽ പാപ്പാ

കുറിച്ചത്. വിശുദ്ധ ലൂക്കയുടെ സുവിശേഷം ആറാം അദ്ധ്യായത്തിൽ യേശു സുവിശേഷഭാഗ്യങ്ങൾ അരുളിചെയ്യുന്നതിനെക്കുറിച്ചുള്ള ഭാഗത്തെ അധികരിച്ചായിരുന്നു പാപ്പാ തന്റെ പ്രഭാഷണം തയ്യാറാക്കിയത്. ലോകത്തിന്റേതായ ചിന്താരീതിയിൽനിന്ന് മാറി, സഹനങ്ങളെയും തിന്മകളെയും പോലും സ്വർഗ്ഗരാജ്യത്തിലുള്ള പ്രത്യാശയോടെ പോസിറ്റീവായി കാണുന്ന, ക്രിസ്തുവിന്റെ മനോഭാവം സ്വന്തമാക്കിയ, കലാകാരന്മാരെ ആവശ്യമുണ്ടെന്നാണ് പാപ്പാ ഉദ്ബോധിപ്പിച്ചത്.

'ദരിദ്രരും, സഹനങ്ങളിലൂടെ കടന്നുപോകുന്നവരും, വിനീതരും, പീഡനമനുഭവിക്കുന്നവരും ഭാഗ്യവാന്മാരെന്ന് യേശു പ്രഖ്യാപിക്കുന്നു. ഇത് വ്യത്യസ്തമായ ഒരു മനോഭാവവും കാഴ്ചപ്പാടുമാണ്. ഇതിൽ പങ്കുചേരാൻ കലയും വിളിക്കപ്പെട്ടിരിക്കുന്നു. ലോകത്തിൽ പ്രവചനാത്മരായ കലാകാരന്മാരെ ആവശ്യമുണ്ട്', എന്നതായിരുന്നു പാപ്പായുടെ സന്ദേശത്തിന്റെ പൂർണ്ണരൂപം.

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം: മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ്

ന്യുമോണിയ ബാധിതനായി റോമിലെ ജെമെല്ലി ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആരോഗ്യസ്ഥിതി ആശങ്കാജനകമാണെന്നും പരിശുദ്ധ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നും സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് പറഞ്ഞു.

നമ്മുടെ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനയർപ്പണത്തിന്റെയും മറ്റു പ്രാർത്ഥനകളുടെയും അവസരങ്ങളിലും ഭവനങ്ങളിൽ വൈകുന്നേരമുള്ള പ്രാർത്ഥനകളിലും പരിശുദ്ധ പിതാവിനെ പ്രത്യേകമായി ഓർക്കേണ്ടതാണ്. ദൈവത്തിന്റെ സ്നേഹമാർന്ന പരിപാലനയിൽ ഫ്രാൻസിസ് മാർപാപ്പയെ നമുക്ക് സമർപ്പിക്കാം. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യം അപേക്ഷിക്കുകയും ചെയ്യണമെന്ന് മാർ തട്ടിൽ പിതാവ് ആഹ്വാനം ചെയ്തു.

# Dept. of Archdiocesan Public Relations

**Press Release** **03-02-2025**
**EKM/PRO/2025/04**

**പ്രസാദഗിരി പള്ളിയിൽ നടന്ന അക്രമം വേദനാജനകം, അപലപനീയം: മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ**

കൊച്ചി: 2025 ഫെബ്രുവരി 1 ആം തീയതി എറണാകുളം-അങ്കമാലി അതിരൂപതയിലെ പ്രസാദഗിരി സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ ഏകീകൃതരീതിയിൽ വിശുദ്ധ കുർബാന അർപ്പിച്ചുകൊണ്ടിരുന്ന പ്രീസ്റ്റ്-ഇൻ-ചാർജ് ഫാ. ജോൺ തോട്ടുപുറത്തിനെതിരേ നടന്ന അക്രമം അത്യന്തം വേദനാജനകവും അപലപനീയവുമാണെന്ന് അതി രൂപതാദ്ധ്യക്ഷനായ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവും മേജർ ആർച്ചുബിഷപ്പിന്റെ വികാരി ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനിയും അറിയിച്ചു.

വിശുദ്ധ കുർബാനയർപ്പിച്ചുകൊണ്ടിരുന്ന വൈദികനുനേരെ നടന്ന അതിക്രമം പരിശുദ്ധ കുർബാനയെ അവഹേളിക്കുന്ന ഗുരുതരമായ തെറ്റായി മാത്രമേ കാണാൻ സാധിക്കൂ. സാമാന്യമര്യാദയുടെയും അടി സ്ഥാനക്രൈസ്തവ ജീവിതശൈലിയുടെയും എല്ലാ അതിർവരമ്പുകളും ലംഘിച്ചുകൊണ്ട് മദ്ബഹയുടെ പരിശുദ്ധി കളങ്കപ്പെടുത്തിയത് വിശ്വാസസമൂഹത്തെ മാത്രമല്ല, പൊതുസമൂഹത്തിലും അമ്പരപ്പ് ഉളവാ ക്കുകയുണ്ടായി. ഇത് ഒരിക്കലും ന്യായീകരിക്കാവുന്നതല്ല. ഈ അക്രമത്തിൽ പങ്കുകാരായ എല്ലാവർക്കുമെതിരെ കാനൻനിയമവും രാജ്യത്തിന്റെ നിയമവും അനുശാസിക്കുന്ന നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

ഏകീകൃതരീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണരീതി അതിരൂപത യിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട തർക്കങ്ങൾ വിശ്വാസജീവിത ത്തെയും സഭാസംവിധാനങ്ങളെയും അച്ചടക്കത്തെയും ദുർബലപ്പെടു

ത്താൻ മാത്രമേ ഉപകരിക്കൂവെന്ന് ബന്ധപ്പെട്ടവർ മനസ്സിലാക്കണം. അഭിപ്രായവ്യത്യാസങ്ങൾ പ്രകടിപ്പിക്കാനും പ്രതികരിക്കാനുമുള്ള സാമാന്യമര്യാദയുടെ പരിധികൾ പലപ്പോഴും ലംഘിക്കപ്പെടുന്നത് വേദനാജനകമാണ്. ഭിന്നതയുടെയും കലഹത്തിന്റെയും പാതയിൽ നിന്ന് ഐക്യത്തിന്റെയും അനുസരണത്തിന്റെയും അനുരഞ്ജനത്തിന്റെയും അർത്ഥപൂർണമായ ആശയവിനിമയത്തിന്റെ വഴി തെരഞ്ഞെടുക്കുവാൻ മാർ റാഫേൽ തട്ടിൽ പിതാവും, മാർ ജോസഫ് പാംപ്ലാനി പിതാവും അതിരൂപതയിലെ വൈദികരോടും സമർപ്പിതരോടും അൽമായവിശ്വാസികളോടും ആഹ്വാനം ചെയ്തു.

ഫാ. ജോഷി പുതുവ
പബ്ലിക് റിലേഷൻസ് ഓഫീസർ,
എറണാകുളം-അങ്കമാലി അതിരൂപത

---

# AICO

## (Archdiocesan Institutions' Central Office)

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | | |
|---|---|---|
| ജനുവരി | 22 | നിവേദിത, ചുണങ്ങംവേലി |
| ഫെബ്രുവരി | 12 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |
| ഫെബ്രുവരി | 17 | ഷോപ്പിംഗ് കോംപ്ലക്സ്, വൈക്കം |
| ഫെബ്രുവരി | 21 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| ഫെബ്രുവരി | 25 | ലൂർദ് സെന്റർ, ആലുവ |

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

# METROPOLITAN TRIBUNAL

## Annual Report of Marriage Cases in 2024

**First Instance Cases**

| | | |
|---|---|---|
| Cases pending at the beginning of the year 2024 | : | 33 |
| Cases introduced in 2024 | : | 115 |
| Total Cases disposed in 2024 | : | 120 |

Number of sentences given as per the grounds below:

| | Affirmative |
|---|---|
| Force or grave fear (CCEO c. 825) | 65 |
| Error of quality (CCEO c. 820 §2) | 32 |
| Fraud (CCEO c. 821) | 5 |
| Partial simulation: | |
| - *contra bonum fedi* (CCEO c. 824 §2) | 4 |
| - *contra bonum sacramenti* (CCEO c. 824 §2) | 3 |
| - *contra bonum coniujum* CCEO c. 824 §2) | 1 |
| Inability to assume (CCEO c. 818, 3°) | 1 |
| Conditional consent (CCEO c. 826) | 3 |

| | | |
|---|---|---|
| Total affirmative sentences | : | 114 |
| Cases dismissed | : | 6 |
| Total cases disposed | : | 120 |
| Cases pending at the end of the year 2024 | : | 28 |

**Second Instance Cases**

| | | |
|---|---|---|
| Cases pending at the beginning of the year 2024 | : | 0 |
| Cases introduced in 2024 | : | 0 |
| Total cases disposed | : | 0 |
| Cases pending at the end of the year 2024 | : | 0 |

**Fr. Antony Vazhakkala**
**Vicar Judicial**

# വിശ്വാസപരിശീലനകേന്ദ്രം

1. **മാർച്ച് 02-ാം തീയതി ഞായറാഴ്ച :** IV മുതൽ IX വരെ ക്ലാസ്സിലെ ഉത്തരക്കടലാസ്സുകൾ പരിശോധിച്ച് 80 ശതമാനമോ (ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ 35ൽ 28 മാർക്ക്) അതിൽ കൂടുതലോ മാർക്കുള്ളവരുടെ മാത്രം ഉത്തരക്കടലാസ്സുകളും മാർക്ക് ലിസ്റ്റും മാർച്ച് 02-ാം തീയതിക്കകം ഫൊറോനാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഈ ഉത്തരക്കടലാസ്സുകൾ വീണ്ടും അതിരൂപതാതലത്തിൽ റീവാല്യുവേഷൻ നടത്തുന്നതായിരിക്കും. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾക്ക് 90 ശതമാനം മാർക്ക് വാങ്ങുന്നവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുക (*വചനദീപം,* പേജ് 37-38). സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികൾക്ക് വർഷാവസാനം 90 ശതമാനം ഹാജർ ഉണ്ടായിരിക്കേണ്ടതാണ്.

2. **മാർച്ച് 09-ാം തീയതി ഞായറാഴ്ച :**
   a) ഒന്നാം ക്ലാസ്സു മുതൽ ഒൻപതാം ക്ലാസ്സു വരെയുള്ള കുട്ടികളുടെ പരീക്ഷയുടെ മാർക്ക്, ഇന്റേണൽ മാർക്ക്, ഹാജർ ശതമാനം എന്നിവ ഓൺലൈനിൽ രേഖപ്പെടുത്തേണ്ട അവസാന തീയതി മാർച്ച് 09-ാം തീയതി ഞായറാഴ്ചയാണ്.
   b) ഇടവക കാറ്റിക്കിസം വാർഷിക റിപ്പോർട്ട് (2024-25) ഫൊറോനയിൽ എത്തിക്കേണ്ട അവസാന തീയതി മാർച്ച് 09-ാം തീയതി ഞായറാഴ്ചയാണ്.

3. **ഇന്റൻസീവ് ബൈബിൾ കോഴ്സ്: 29-**ാമത് IBC-യ്ക്ക് ഒരുക്കമായി അതിരൂപതാകേന്ദ്രം "പ്രാർത്ഥനയിൽ വളരാം" എന്ന വിഷയത്തെ ആസ്പദമാക്കി LP, UP, HS വിഭാഗങ്ങളിലെ കുട്ടികൾക്കുള്ള Hand Book തയ്യാറാക്കുന്നതാണ്. വിശ്വാസപരിശീലനത്തിന്റെ ഭാഗമായിട്ടുള്ള വേനൽക്കാലാവധിയിലെ കാറ്റിക്കിസം പ്രോഗ്രാമായ IBC യുടെ അതിരൂപതാതലത്തിലുള്ള ഉദ്ഘാടനം

2025 മാർച്ച് 25-ാം തീയതി നിർവ്വഹിക്കുന്നതാണ്. Intensive Bible Course മാർച്ച് മാസം 31-നും ഈസ്റ്ററിനും ഇടയ്ക്കുള്ള സൗകര്യപ്രദമായ ദിവസങ്ങളിൽ നടത്തണമെന്ന് ഓർപ്പിക്കുന്നു. ഇന്റൻസീവ് ബൈബിൾ കോഴ്സ് ക്യാമ്പിനും ധ്യാനത്തിനും പകരമല്ല എന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

4. **ഫൊറോന കൺവെൻഷനുകൾ:** ഫൊറോന കൺവെൻഷനുകൾ അതത് ഫൊറോനകളുടെ സൗകര്യാർത്ഥം അതിരൂപതാകേന്ദ്രവുമായി ആലോചിച്ചതിനുശേഷം നടത്താവുന്നതാണ്.

5. **രണ്ടാം സെമസ്റ്റർ പരീക്ഷ:** വിശ്വാസപരിശീലനത്തിന്റെ ഒന്നാം ക്ലാസ്സു മുതൽ ഒൻപതാം ക്ലാസ്സുവരെയുള്ള രണ്ടാം സെമസ്റ്റർ പരീക്ഷ 2025 ഫെബ്രുവരി 16-ാം തീയതി ഞായറാഴ്ച്ച 10.30 A.M. മുതൽ 12.30 P.M. വരെ അതത് ഇടവകകളിൽ നടത്തി.

6. **പുനഃപരീക്ഷ:** **X, XII ക്ലാസ്സുകളിൽ സർട്ടിഫിക്കറ്റ് പരീക്ഷ** ആയതിനാൽ ഈ ക്ലാസ്സുകളിൽ ഒന്നും, രണ്ടും സെമസ്റ്റർ പരീക്ഷകൾ എഴുതുവാൻ സാധിക്കാത്ത കുട്ടികൾക്കും, പരീക്ഷയ്ക്ക് മിനിമം മാർക്ക് (14/40) ലഭിക്കാത്ത കുട്ടികൾക്കുമുള്ള **പുനഃപരീക്ഷ 2025 ഏപ്രിൽ 12-ന്** ആയിരിക്കും. പുനഃപരീക്ഷ നടക്കുന്ന സ്ഥലം പിന്നീട് അറിയിക്കുന്നതായിരിക്കും. XI-ാം ക്ലാസ്സിലെ പുനഃപരീക്ഷ അതത് ഇടവകയിൽ നടത്തി **ഏപ്രിൽ 12-ന്** മുമ്പ് മാർക്ക് കാറ്റികോർപ്പിൽ Enter ചെയ്യുക.

7. **സന്മാർഗബോധന സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷ:** റെഗുലർ സ്കൂളുകളിലെ IV, VII, X & XII ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള സ്കോളർഷിപ്പ് പരീക്ഷ 2025 ഫെബ്രുവരി 08 ശനിയാഴ്ച്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ 3 സെന്ററുകളിലായി നടത്തി.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Renewal Centre, Azad Road Kaloor. Tel: 0484-2533077
Web: www.jeevalaya.org, E-mail: jeevalayafamilypark@gmail.com

## 2025 മാർച്ച് – ഏപ്രിൽ

### വിവാഹഒരുക്ക ധ്യാനം (MPR)

മാർച്ച് 03–05 (കലൂർ)
മാർച്ച് 18–20 (കാലടി)

ഏപ്രിൽ 01–03 (കാലടി)
ഏപ്രിൽ 07–09 (കലൂർ)
ഏപ്രിൽ 14–16 (കാലടി)
ഏപ്രിൽ 28–30 (കാലടി)
ഏപ്രിൽ 29–01 (കലൂർ)

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### അനുയാത്ര (ഓൺലൈൻ)

(യുവദമ്പതികൾക്കുള്ള തുടർപരിശീലന പരിപാടി)
മാർച്ച് 02

### വിധവാ ധ്യാനം

(Contact: 9400929111)
മാർച്ച് 21–23

### ദമ്പതി ധ്യാനം

(Contact: 8078334522)
മാർച്ച് 07–09 (20 ദമ്പതികൾക്ക് മാത്രം)

### ഇടവക ധ്യാനം

മാർച്ച് 28 – കുറ്റിപ്പുഴ

### ദമ്പതി സംഗമം

മാർച്ച് 30 – കുമ്പളം

## അറിയിപ്പ്

ഇടവകകളിൽ ആദ്യകുർബ്ബാന സ്വീകരണത്തോടനുബന്ധിച്ച് മാതാപിതാക്കൾക്ക് പാരന്റിംഗ് സെമിനാർ നൽകാൻ സമീപിക്കാവുന്നതാണ്.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

## സഹൃദയ ആശ്വാസ് ഇൻഷുറൻസ് പദ്ധതിയിൽ മാർച്ച് 15 വരെ അംഗങ്ങളാകാം

സഹൃദയ, സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് നടപ്പാക്കുന്ന ആശ്വാസ് മെഡി ക്ലെയിം ഇൻഷുറൻസ് പദ്ധതിയുടെ ഈ വർഷത്തെ പോളിസി മാർച്ച് 25 ന് പ്രാബല്യത്തിലാവുന്നു. കഴിഞ്ഞ വർഷത്തെ പോളിസിയിൽ അംഗങ്ങളായവർക്ക് ഫെബ്രുവരി 1 വരെ 885 ക്ലെയിമുകളിലായി 1,50,27,165 രൂപ ചികിത്സ സഹായമായി നൽകുവാൻ കഴിഞ്ഞു. അപേക്ഷാഫോറവും മറ്റു വിശദവിവരങ്ങളും ഇടവകകളിൽ നല്കിയിട്ടുണ്ട്.

### ലോക കാൻസർ ദിനാചരണവും സ്തനാർബുദ സാധ്യതാ പരിശോധനയും

സഹൃദയ, ചൂണ്ടി ഭാരതമാതാ കോളേജിന്റെ സഹകരണത്തോടെ ചൂണ്ടി പയസ് ടെൻത് ഹാളിൽ കാൻസർ ദിനാചരണവും സ്തനാർബുദ സാധ്യതാ പരിശോധനാ ക്യാമ്പും സംഘടിപ്പിച്ചു. കാൻസർ അതിജീവിതരായവരെ ആദരിക്കൽ, കേശദാനം, കാൻസർ ബോധവത്കരണ സെമിനാർ എന്നിവയും നടത്തി.

### സുസ്മിതം പദ്ധതി ബോധവൽക്കരണ ക്ലാസ്സ്

കെയർ ആൻഡ് സേഫ് പ്രോജക്ടുമായി സഹകരിച്ച് സഹൃദയ നടപ്പാക്കുന്ന 'സുസ്മിതം - ക്യാൻസർ പ്രതിരോധ പരിസ്ഥിതി പരിപാലന പദ്ധതി'യെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സ് - സൗത്ത് പറവൂർ, പുത്തൻപള്ളി, പറവൂർ-കോട്ടക്കാവ്, ഐമുറി, പുല്ലുവഴി, മാടക്കൽ, മാർട്ടിൻനഗർ, മരുത്തോർവട്ടം, തുരുത്തിപ്പുറം, മനക്കോടം, തൃപ്പൂണിത്തുറ-അമ്പാടിമല, കൊല്ലക്കോട്, കോക്കമംഗലം, നായരമ്പലം, തിരുനല്ലൂർ, കിഴക്കുംമുറി, മൂന്നാംപറമ്പ്, സെബിയൂർ, മറ്റൂർ, നെടുമ്പ്രക്കാട്, മറ്റൂർ ടൗൺ, കാഞ്ഞൂർ ലിസ്യൂ പാർക്ക്, തുറവുങ്കര, ഉഴുവ, തലയോലപ്പറമ്പ്, വാളൂർ, കാവിൽ, പള്ളുരുത്തി, ഇടക്കൊച്ചി, കോന്തുരുത്തി, നടുത്തുരുത്ത്, മലയാറ്റൂർ, എളവൂർ കുന്നേൽ, സൗത്ത്

വെള്ളാരപ്പിള്ളി, കാർഡിനൽ നഗർ, മംഗലശ്ശേരി, തുതിയൂർ, പീച്ചാനിക്കാട്, താന്നിപ്പുഴ, അങ്കമാലി, സൗത്ത് ചമ്പന്നൂർ എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

**ഫാസ്റ്റ്ഫുഡ് ഉദ്യമി പരിശീലന സർട്ടിഫിക്കറ്റ് വിതരണം**
സഹൃദയയുടെയും ഗ്രാമീണ തൊഴിൽ പരിശീലന കേന്ദ്രമായ RSETI എറണാകുളത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പുത്തൻപള്ളി സെന്റ് ജോർജ് പാരീഷ്ഹാളിൽ സംഘടിപ്പിച്ച ഫാസ്റ്റ്ഫുഡ് ഉദ്യമിയുടെ പരിശീലന പരിപാടിയുടെ (10 ദിവസം) സർട്ടിഫിക്കറ്റ് വിതരണം നടത്തി. 30 പേരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

**ക്രെഡിറ്റ് ക്യാമ്പ്**
സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ നേതൃത്വത്തിൽ ഐമുറി ഇടവകയുടെ കീഴിൽ പ്രവർത്തിക്കുന്ന പൂർണിമ പുരുഷ സ്വയം സഹായ സംഘത്തിന്റെ ക്രെഡിറ്റ് ക്യാമ്പ് നടത്തി. 8 അംഗങ്ങൾക്കായി 5,60,000/ രൂപ വായ്പ അനുവദിച്ചു.

**ബ്യൂട്ടി അസിസ്റ്റന്റ് പരിശീലന സർട്ടിഫിക്കറ്റ് വിതരണം**
സഹൃദയയുടെയും കേന്ദ്ര നൈപുണ്യവികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻശിക്ഷൻ സൻസ്ഥാന്റെയും സംയുക്താഭിമുഖ്യത്തിൽ സഹൃദയ ക്യാമ്പസിൽ നടത്തപ്പെട്ട 105 ദിവസം നീണ്ടു നിന്ന ബ്യൂട്ടി അസിസ്റ്റന്റ് കോഴ്സിന്റെ സർട്ടിഫിക്കറ്റ് വിതരണം നടത്തി

**സഹൃദയ ആനിമേറ്റേഴ്സ് മീറ്റിങ്ങ്**
എറണാകുളം, അങ്കമാലി, കാലടി, ചേർത്തല, പറവൂർ മേഖലകളിൽ സഹൃദയ ആനിമേറ്റേഴ്സ് മീറ്റിംങ്ങ് സംഘടിപ്പിച്ചു.

**ബയോബിൻ വിതരണം**
കൊച്ചിൻ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിലുള്ള വിമൻ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കണ്ണമാലി, ചെല്ലാനം എന്നിവിടങ്ങളിലെ ഗുണഭോക്താക്കൾക്കായി സഹൃദയ ബയോബിന്നുകൾ വിതരണം ചെയ്തു.

**ജെ. എൽ. ജി. ഗ്രൂപ്പ് രൂപീകരണം**
സഹൃദയ വെസ്കോ ക്രെഡിറ്റും ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജെ എൽ ജി കോടനാട്, മുന്നൂർപ്പിള്ളി , വിമലഗിരി, കവരപ്പറമ്പ്, ചേരാനെല്ലൂർ, അശോകപുരം, കൊല്ലക്കോട്, പാലാരിവട്ടം,

കാഞ്ഞൂർ, നോർത്ത് ചമ്പന്നൂർ, പുഷ്പഗിരി, ഈസ്റ്റ് ചേരാനെല്ലൂർ, കൂടാലപ്പാട്, കിഴക്കമ്പലം, വിലങ്ങ്, ചിറ്റനാട്, ആനപ്പാറ, കോക്കുന്ന്, വാതക്കാട്, ഐമുറി, തേവക്കൽ, മേരിഗിരി, സെബിയൂർ, തുറവൂർ, പള്ളിപ്പുറം, പൂണിത്തുറ, അങ്കമാലി, ആമ്പല്ലൂർ, പള്ളുരുത്തി, ഇടക്കൊച്ചി, എളംകുളം, തൃപ്പൂണിത്തുറ, ദേവഗിരി, അത്താണി, ശാന്തിഗിരി, മഞ്ഞപ്ര, നാലുകെട്ട്, എളവൂർ കുന്നേൽ എന്നീ വില്ലേജുകളിൽ രൂപീകരിച്ചു.

**ജെ. എൽ. ജി. കൾക്ക് വായ്പ**

സഹൃദയ രൂപീകരിച്ച ജോയിന്റ് ലയബിലിറ്റി ഗ്രുപ്പുകൾ വഴി 99 സംഘങ്ങളിലെ 585 അംഗങ്ങൾക്കായി 30645000 രൂപ സ്വയം തൊഴിൽ വായ്പയായി നൽകി.

**ഹരിതകർമസേന പരിശീലനം**

ഇടുക്കി ജില്ലയിലെ വാത്തിക്കുടി പഞ്ചായത്തിലെ ഹരിതകർമ സേനാംഗങ്ങൾക്കുള്ള ത്രിദിന ശേഷി വികസന പരിശീലനം നടത്തി.

**ബോധവത്കരണ ക്ലാസ്**

ഏറ്റുമാനൂർ പുന്നത്തുറ അർച്ചന വിമൻസ് സെന്ററിന്റെ ആഭിമുഖ്യ ത്തിൽ കമ്മ്യൂണിറ്റി ആക്ഷൻ ഗ്രൂപ്പ് ലീഡർമാർക്കായി സോളാർ, ബയോ ഗ്യാസ് പദ്ധതികളെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.

**സന്യാസവ്രത സുവർണ ജൂബിലി**

സഹൃദയയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന അതിരൂപതയുടെ ഏക വയോജന മന്ദിരമായ ചെത്തിക്കോട് സൗഖ്യ സദനിലെ മദർ സുപ്പീരിയർ സി. ഫിൽസി ജോസ് എഫ്.സി.സിയുടെ സന്യാസ വ്രതവാഗ്ദാന സുവർണ ജൂബിലി ആഘോഷം നടത്തി.

**റോഡ് സുരക്ഷ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു**

സഹൃദയ ആനിമേറ്റർമാർക്കായി അങ്കമാലി സുബോധനയിൽ വച്ച് റോഡ് സുരക്ഷ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

- **Overseas Education**

- Apply to Germany's best universities for the September 2025 intake! Explore top programs, affordable tuition, and global opportunities.
- Kick start your career with 1-year Masters programs in Ireland for September 2025! Apply now and make Ireland your next step to success!
- Take the next step in your healthcare career with a Masters in Nursing (Graduate Entry) in Australia! Start your journey to a rewarding nursing career today!
- IELTS offline (new batches on all Mondays).

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓഫ്‌ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു. പുതിയ ബാച്ച് ഉടൻ ആരംഭിക്കുന്നു.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9544919144 , 9072919144**

- **2025 മാർച്ച് മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് പുതിയ ഓഫ്‌ലൈൻ ബാച്ച് (A1, A2) മാർച്ച് 3-ന് ആരംഭിക്കുന്നു.
2. ജർമൻ കോഴ്സ് പുതിയ ഓൺലൈൻ ബാച്ച് (A1) മാർച്ചിൽ ആരംഭിക്കുന്നു.
3. ഫ്രഞ്ച് കോഴ്സ് പുതിയ ഓൺലൈൻ ബാച്ച് (A1) മാർച്ച് 10 ന് ആരംഭിക്കുന്നു.
4. സ്പാനിഷ് കോഴ്സ് പുതിയ ഓൺലൈൻ ബാച്ച് (A1) മാർച്ച് 3-ന് ആരംഭിക്കുന്നു.
5. സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & NICSA 2025 ബാച്ച് തുടങ്ങുന്നു.

6. സിവിൽ സർവീസ് ഔട്ട് റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

- **2025 March Programs**

1. UGC NET /JRF PAPER I & PAPER II -Offline (Batch for 2025 JUNE exam)
2. BANK (IBPS, PO, CLERK, SO) -offline (New admission all Mondays)
3. SSC (CGL, CHSL, MTS) - -offline (New admission all Mondays)
4. CUET (Common University Entrance Test) Online & Offline regular batch.
5. RAILWAY RECRUITMENT BOARD
   - Graduate level (new admission all Mondays)
   - Undergraduate level (new admission all Mondays)
6. C MAT, K-MAT Offline (Admission for next Exams)
7. LAW ENTRANCE COACHING CLAT, KLEE (admission started)
8. IELTS Regular Offline & Online (All Mondays new batch)
9. PTE (Pearson Test of English) Regular Offline & Online (All Mondays new batch)
10. COMMUNICATIVE ENGLISH Regular Offline & Online (All Mondays new batch)

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

അങ്കമാലി എൽ.എഫ്. - നൈപുണ്യ ഇന്റർനാഷണലിൽ ഇംഗ്ലീഷ് പരിജ്ഞാന പരിശീലന കോഴ്സുകളായ IELTS, PTE എന്നിവയും, ഇംഗ്ലീഷ് സംഭാഷണ നൈപുണ്യത്തിനായി വിദ്യാർത്ഥികൾക്ക് Communicative English കോച്ചിംഗും നല്കുന്നു. വിദേശ പഠനം, വിദേശ ജോലികൾ എന്നിവ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്കുവേണ്ടി വിദഗ്ദ്ധ അദ്ധ്യാപകർ ഇംഗ്ലീഷ് പരിജ്ഞാന പരിശീലനം നൽകുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാദ്ധ്യമാകുവാൻ Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്നു.

## 5) NAIPUNNYA INTERNATIONAL, PALA

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**ഫെബ്രുവരി 2025**

6-7 മാർ ജോസഫ് പാംപ്ലാനി പിതാവ് അതിരൂപതയിലെ വൈദികരുമായും അല്മായരുമായും ചർച്ച നടത്തി.

13-4 മാർ ജോസഫ് പാംപ്ലാനി പിതാവ് അതിരൂപതയിലെ വൈദികരുമായും അല്മായരുമായും ചർച്ച നടത്തി.

20-21 മാർ ജോസഫ് പാംപ്ലാനി പിതാവ് അതിരൂപതയിലെ വൈദികരുമായും അല്മായരുമായും ചർച്ച നടത്തി.

27 അസ്സീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സഭാ സ്ഥാപകനായ ദൈവദാസൻ മോൺസിഞ്ഞോർ ജോസഫ് കണ്ടത്തിൽ-ന്റെ ചേർത്തല ഗ്രീൻഗാർഡൻസ് കോൺവെന്റ് ചാപ്പലിലുള്ള കബറിടം തുറക്കുന്ന ചടങ്ങിൽ (Canonical Recognition of the Mortal Remains) മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവും, മാർ ജോസഫ് പാംപ്ലാനി പിതാവും പങ്കെടുത്തു.

28 മാർ ജോസഫ് പാംപ്ലാനി പിതാവ് രാവിലെ തൃക്കാക്കര സേക്രഡ് ഹാർട്ട് മൈനർ സെമിനാരിയിൽ കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് മൂക്കന്നൂർ ഫൊറോന പള്ളി വികാരി ബഹുമാനപ്പെട്ട ജോസ് പൊള്ളയിലച്ചന്റെ വന്ദ്യമാതാവ് അച്ചാമ്മ വർക്കിയുടെ മൃതദേഹം ചുണങ്ങംവേലിയിലെ വസതിയിൽ പൊതുദർശനത്തിനുവച്ചവേളയിൽ ഒപ്പീസ് ചൊല്ലി.

28- മാർച്ച് 1 മാർ ജോസഫ് പാംപ്ലാനി പിതാവ് അതിരൂപതയിലെ വൈദികരുമായും അല്മായരുമായും ചർച്ച നടത്തി.

* * * * *

Statement about Ownership and other Particulars
about Newspaper **ERNAKULAM MISSAM**

| | | | |
|---|---|---|---|
| 1. | Place of publication | | Ernakulam |
| 2. | Periodicity of its publication | | Monthly |
| 3. | Printer's | Name | Fr. Biju Varghese |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |
| 4. | Publisher's | Name | Fr. Biju Varghese |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |
| 5. | Editor's | Name | Fr. Biju Varghese |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |
| 6. | Name and address of individual who own the newspaper and partners or shareholders holding more than one percent of the total capital | | Archbishop of Ernakulam Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |

I, Fr. Biju Varghese, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Publisher

Date: 01/03/2025



Feast of the Annunciation, March 25

RNI No. 3421/57
Date of Publication: 01-03-2025
Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org